# ദി ഡിഫെൻഡർ

Vol. No. 8 Issue No. 17 RNI Reg. No. 68089 / 97 Published From Perumbavoor 2005 SEPTEMBER 1


# പെന്തക്കോസ്തർ ഇത്രത്തോളം അധ:പതിക്കരുതായിരുന്നു

നൂറു വർഷം മുൻപ് മുക്തി മിഷനിൽ ഉണ്ടായ ഉണർവ്വിന്റെ ഫലമായാണ് ഇന്ത്യയിൽ പെന്തക്കോസ്ത് സഭകൾ ഉണ്ടായതെന്നും അതിന്റെ ശതാബ്ദിയാണ് ഇപ്പോൾ ആഘോഷിക്കുന്നതെന്നും ഒക്കെയാണ് പി.സി.ഐയുടെ അവകാശവാദം. പക്ഷേ പെന്തക്കോസ്ത് പ്രസ്ഥാനത്തിന്റെ ആദ്യകാല നേതാക്കൻമാർ എന്തൊക്കെ ഉപദേശ സത്യങ്ങൾക്കുവേണ്ടി പോരാടിയോ അതൊക്കെ സാത്താന്റെ കാൽച്ചുവട്ടിൽ അടിയറ വെയ്ക്കാനുള്ള ശ്രമമാണ് തിരുവല്ലയിൽ നടക്കുന്നത്. ദൈവമക്കളുടെ വേഷത്തിൽ നടക്കുന്ന സാത്താന്റെ ദാസൻമാരാണ് ശതാബ്ദിയുടെ പിന്നിൽ പ്രവർത്തിക്കുന്നത് എന്ന വസ്തുത ദൈവമക്കൾ തിരിച്ചറിയണം.

വിശ്വാസിയും അവിശ്വാസിയും തമ്മിൽ ഇടയില്ലാപ്പിണ കൂടരുത് എന്നത് ദൈവവചനത്തിന്റെ സുപ്രധാന ഉപദേശങ്ങളിൽ ഒന്നാണ്. ശതാബ്ദിയുടെ പേരിൽ കുറെ സർപ്പസന്തതികൾ ദൈവമക്കളെ ഇണയില്ലാപ്പിണ കൂട്ടാൻ തയ്യാറെടുക്കുകയാണ്. (വേർപാടിനെ സംബന്ധിച്ച് ബൈബിൾ എന്തു പറയുന്നു എന്നറിയാൻ ഏഴാം പേജിലുള്ള ലേഖനം വായിക്കുക).

ലോകത്തുള്ള മനുഷ്യരെ രക്ഷിക്കപ്പെട്ടവർ, രക്ഷിക്കപ്പെടാത്തവർ എന്നിങ്ങനെ രണ്ടായി തിരിക്കാം. വീണ്ടും ജനനം പ്രാപിച്ചവരാണ് രക്ഷിക്കപ്പെട്ടവർ. അങ്ങനെയുള്ളവർക്ക് വീണ്ടും ജനനം പ്രാപിക്കാത്തവരുമായി യാതൊരു കൂട്ടായ്മയും പാടില്ല എന്ന് ദൈവവചനം വ്യക്തമാക്കുന്നു. ആദ്യകാല പെന്തക്കോസ്ത് നേതാക്കൻമാർ ഈ ഉപദേശ സത്യത്തിന് അർഹിക്കുന്ന പ്രാധാന്യം നൽകിയിരുന്നു. എന്നാൽ പെന്തക്കോസ്തിന്റെ പേരിൽ കുറെ കാട്ടുകള്ളൻമാർ ദൈവമക്കളെ ഒന്നടങ്കം സാത്താന് കാഴ്ചവെയ്ക്കാൻ ഒരുങ്ങുകയാണ്.

ഭരണാധികാരികൾക്കായി പ്രാർത്ഥിക്കണമെന്ന് ദൈവ വചനം പറയുന്നു. പക്ഷേ, ഭരണാധികാരികളുമായി ഇണയില്ലാപ്പിണ കൂടാൻ ദൈവവചനം അനുവാദം തരുന്നില്ല. ദൈവമക്കളുടെ കൂട്ടായ്മയിൽ രക്ഷിക്കപ്പെടാത്തവർ പ്രസംഗിക്കരുത്.

യോംഗിചോ കോട്ടയത്തു വന്നപ്പോൾ ഒരു രാഷ്ട്രീയ നേതാവിനെ പെന്തക്കോസ്തുകാർ സ്റ്റേജിൽ കയറ്റി. എല്ലാ മതവും ഒന്നാണെന്ന മഹത്തായ സിദ്ധാന്തം അങ്ങേര് പ്രസംഗിക്കയും ചെയ്തു. പെന്തക്കോസ്തുകാർ പണം മുടക്കി മീറ്റിംഗ് സംഘടിപ്പിച്ച് ഗുരുതരമായ ദുരുപദേശം പ്രചരിപ്പിച്ചു എന്നു ചുരുക്കം. തിരുവല്ലയിൽ സംഭവിക്കാൻ പോകുന്നതും ഇതുതന്നെ.

പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും മറ്റു രാഷ്ട്രീയ നേതാക്കളും മറ്റും എന്തായിരിക്കും പ്രസംഗിക്കുക? ബൈബിൾ ഒഴികെ മറ്റൊരു ദൈവവചനം ഇല്ലെന്നും യേശുവിലൂടെയല്ലാതെ ആരും രക്ഷപ്രാപിക്കയില്ല എന്നും പെന്തക്കോസ്ത് ഉപദേശമാണ് ദൈവ വചനപ്രകാരം ശരിയായ ഉപദേശം എന്നും മറ്റും ആയിരിക്കുമോ? അല്ലെന്നു തീർച്ച. യേശുവും കൃഷ്ണനും ബുദ്ധനും നബിയും ഒക്കെ അവതാരങ്ങളാണെന്നും ഇവരൊക്കെ മോക്ഷത്തിലേക്കുള്ള വഴി കാണിച്ചവരാണെന്നും മതം ഏതായാലും മനുഷ്യൻ നന്നായാൽ മതിയെന്നും ഒക്കെ ആയിരിക്കും എന്നതിനു സംശയമില്ല. ഇതിൽപ്പരം ഒരു ദുരുപദേശമില്ല. ദൈവമക്കൾ പണം മുടക്കി യോഗം നടത്തി മാലോകരെ ദുരുപദേശം പഠിപ്പിക്കുന്നു. മനുഷ്യരെ നിത്യ നാശത്തിലേക്കു തള്ളിവിടുന്ന ഈ പരിപാടി നടത്താൻ ദൈവമക്കൾ പണം മുടക്കുന്നു. മാത്രമല്ല, ഈ പരിപാടിയെ സുവിശേഷയോഗം എന്നും വിളിക്കുന്നു.

സുവിശേഷ യോഗത്തിലല്ല സാംസ്ക്കാരിക സമ്മേളനത്തിലാണ് മന്ത്രിമാർ പങ്കെടുക്കുന്നത് എന്നൊരു മുടന്തൻ ന്യായം കുറെ നാശയോഗ്യൻമാർ പറയുന്നുണ്ട്. എന്തു സംസ്ക്കാരം, എന്തു സമ്മേളനം എന്നൊന്നും ഇവർ വിശദീകരിക്കുന്നില്ല. രക്ഷിക്കപ്പെടാത്തവരെ വിളിച്ചുവരുത്തി ദുരുപദേശം പ്രസംഗിപ്പിക്കുന്നതാണ് ഇവരുടെയൊക്കെ സംസ്ക്കാരമെങ്കിൽ അത് സാത്താന്യ സംസ്ക്കാരമാണെന്ന് പറയാതെ വയ്യ. പ്രധാനമന്ത്രിയും മറ്റും പറയുന്നത് ടി.വി. ഉൾപ്പെടെയുള്ള മാദ്ധ്യമങ്ങളിലൂടെ ലോകമെങ്ങും അറിയും. എല്ലാ മതങ്ങളും ഒന്നാണെന്ന മഹത്തായ സന്ദേശം അങ്ങനെ പെന്തക്കോസ്തുകാരുടെ ചെലവിൽ ലോകമെങ്ങും പ്രചരിക്കും. ഇതിനൊക്കെ കോപ്പു കൂട്ടുന്ന നേതാക്കൻമാരും ഈ സമ്മേളനത്തിന് പണം കൊടുക്കുന്നവരും ജനിക്കാതിരുന്നെങ്കിൽ അവർക്ക് നന്നായിരുന്നു.

പെന്തക്കോസ്തുകാർ വളരെയധികം അധ:പതിച്ചു എന്ന വസ്തുത ഏവരും അറിഞ്ഞിരുന്നു. എന്നാൽ ഇത്ര ഗുരുതരമാണ് സ്ഥിതി എന്ന് ഇപ്പോഴാണ് അറിയുന്നത്. ദു:ഖത്തോടെ പറയട്ടെ: പെന്തക്കോസ്തുകാർ ഇത്ര അധ:പതിക്കാൻ പാടില്ലായിരുന്നു.



## വീട്ടിലൊരു ബൈബിൾ സ്ക്കൂൾ: മൂന്നാം സി.ഡി. തയ്യാറാകുന്നു

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിവരുന്ന 10 സി.ഡി.കളിൽ മൂന്നാമത്തേത് തയ്യാറായി വരുന്നു. ഈ മാസം അവസാനത്തോടെ സി.ഡി. പുറത്തിറങ്ങും. ആത്മലോകവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഈ സി.ഡിൽ ഉള്ളത്. പരിശുദ്ധാത്മശാസ്ത്രം, ദുരാത്മശാസ്ത്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളെല്ലാം ഈ സി.ഡിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പണം അടച്ചവർക്ക് രണ്ടാമത്തെ സി.ഡി. അയച്ചുകൊണ്ടിരിക്കുന്നു. കൾട്ടുകളേക്കുറിച്ചുള്ള പഠനങ്ങളാണ് രണ്ടാമത്തെ സി.ഡിയുടെ ഉള്ളടക്കം. ആദ്യ സി.ഡി. ജൂലൈ 10ന് പുറത്തിറങ്ങി. പണം അടച്ച എല്ലാവർക്കും സി.ഡി. അയച്ചുകഴിഞ്ഞു.

ഏതെങ്കിലും ഒരു സി.ഡി. ആവശ്യമുള്ളവർ 100 രൂപ മണിയോഡർ അയച്ചാൽ മതിയാകും. ആദ്യത്തെ രണ്ടു സി.ഡികൾക്ക് 200 രൂപ അയയ്ക്കുക. പത്തു സി.ഡികൾ അടങ്ങിയ ഒരു സെറ്റിന് 1000 രൂപയാണ് വില. ഇപ്പോൾ പണം അടയ്ക്കുന്നവർ 750 രൂപ നൽകിയാൽ മതിയാകും. (വിശദ വിവരങ്ങൾ 8-ാം പേജിൽ). വിദേശത്തുള്ളവർ ദയവായി ഇന്ത്യയിലുള്ള ഒരു വിലാസവും ഫോൺ നമ്പറും അറിയിക്കുക. (വിദേശത്തേക്ക് സി.ഡി. അയയ്ക്കുന്നത് വലിയ പണച്ചെലവുള്ള കാര്യമാണ്).

മണിയോഡർ കൂപ്പണിൽ പൂർണ്ണമായ വിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കണം. സി.ഡി. കുരിയർ സർവ്വീസ് വഴിയാണ് അയയ്ക്കുന്നത്. അതുകൊണ്ട് ഏറ്റവും അടുത്തുള്ള കുരിയർ സർവ്വീസിന്റെ പേരും അറിയിക്കുക.

കൂടുതൽ വിവരങ്ങൾക്ക്: ഫോൺ – 94474 14608

വിലാസം:

**റ്റി.എസ്.ബാലൻ,**
**ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**

# മത്തായിക്ക് മക്കളെത്ര?

മത്തായിക്ക് എത്ര മക്കളുണ്ട്? ഏതു മത്തായി? പറയാം. ചർച്ച് ഓഫ് ഗോഡിന്റെ ഓവർസിയറായി ബോംബെയിൽ വാണരുളുന്ന പാസ്റ്റർ എ.മത്തായി. ഈ ചങ്ങാതിക്ക് എത്ര മക്കളുണ്ട്?

മത്തായിക്ക് ആകാശത്തിലെ നക്ഷത്രങ്ങൾ പോലെ മക്കളുണ്ടെങ്കിലും ഡിഫെൻഡറിന് വിരോധമൊന്നുമില്ല. പക്ഷേ, ഒരു ഓവർസിയറിന് എന്തൊക്കെ യോഗ്യതകൾ ഉണ്ടായിരിക്കണമെന്ന് 1 തിമോ.3ൽ പറയുന്നുണ്ട്. ആ യോഗ്യതകൾ ഇല്ലാത്ത വ്യക്തി ഓവർസിയർ ആയിരിക്കാൻ പാടില്ല.

മത്തായിയുടെ മകനാണ് എന്ന ധാരണയിൽ ഡിഫെൻഡർ ഏതെങ്കിലും വ്യക്തിയേക്കുറിച്ച് പറഞ്ഞു വരുമ്പോൾ അയാളെ പ്രസവിച്ചത് എന്റെ ഭാര്യയാണെങ്കിലും അയാൾ എന്റെ മകനല്ല എന്ന് മത്തായി പ്രഖ്യാപിച്ചാൽ എന്തുചെയ്യും. അതിനുള്ള ഒരു മുൻകരുതൽ എന്ന നിലയ്ക്കാണ് ഈ ചോദ്യം.

1 തിമോ.3ൽ പറയുന്ന യോഗ്യത മത്തായിക്കുണ്ടോ എന്ന് പരിശോധിക്കാൻ ഡിഫെൻഡർ ആഗ്രഹിക്കുന്നു. അതുകൊണ്ട് മത്തായിക്ക് എത്ര മക്കളുണ്ട് എന്ന് മത്തായിതന്നെ വ്യക്തമാക്കണം. ആവശ്യമെങ്കിൽ ഭാര്യയോട് ചോദിച്ച് ഉറപ്പു വരുത്തിയിട്ട് മറുപടി പറഞ്ഞാൽ മതി. സെപ്റ്റംബർ 13ന് അടുത്ത ലക്കം ഡിഫെൻഡർ പ്രിന്റ് ചെയ്യും. അതുകൊണ്ട് സെപ്റ്റംബർ 12ന് അകം മറുപടി കിട്ടണം.

മത്തായി മറുപടി പറഞ്ഞില്ലെങ്കിൽ മത്തായിക്ക് രണ്ടു മക്കൾ ഉണ്ടെന്ന കാര്യത്തിൽ സംശയമില്ലെന്നും ഒന്നിന്റെ കാര്യം ഡി.എൻ.എ. ടെസ്റ്റ് നടത്തി മാത്രമേ തീരുമാനിക്കാനാവൂ എന്നും ഉറപ്പിച്ചുകൊണ്ട് ഡിഫെൻഡർ മുൻപോട്ടു പോകും. (രജിസ്റ്റർ ചെയ്ത് കത്തയച്ചിട്ടും മറുപടി കിട്ടാത്തതുകൊണ്ടാണ് പരസ്യമായി ചോദിക്കുന്നത്).

ദി ഡിഫെൻഡർ
Vol. No.8 Issue No. 17 2005 September 1

# അടിതെറ്റിയാൽ അബ്ദ്ദുള്ളയും വീഴും

സായിപ്പിനെ കാണുമ്പോൾ കവാത്ത് മറക്കുക എന്നൊരു ചൊല്ലുണ്ട്. അണികളുടേയും സ്തുതിപാഠകരുടേയും മുൻപിൽ നിലയും വിലയും മറന്ന് പെരുമാറുന്നവർ ഇത്തരക്കാരുടെ പുതിയ പതിപ്പാണ്. ഇന്ദ്രനോടൊക്കും ഭവാൻ, ചന്ദ്രനോടൊക്കും സ്വാമി എന്നൊക്കെ പുലമ്പിക്കൊണ്ട് പിന്നാലെ നടക്കുന്നവരുടെ മുൻപിൽ സർവ്വശക്തൻ ചമയാൻ നടത്തിയ ശ്രമം എം.എൽ.എക്ക് വിനയായി.

നിയമനിർമ്മാണ സഭയിലെ അംഗമാണ് എം.എൽ.എ. നിയമം നടപ്പിലാക്കുന്നത് മന്ത്രിസഭയാണ്. നിയമലംഘകരെ ശിക്ഷിക്കാനുള്ള അധികാരം ജുഡീഷ്യറിക്കുള്ളതാണ്. ഒരു കൂട്ടർ മറ്റൊരു കൂട്ടരുടെ അധികാരത്തിൽ കൈകടത്താൻ പാടില്ല. ജനങ്ങളുടെ പ്രതിനിധി എന്ന നിലയിൽ എം.എൽ.എക്ക് വിപുലമായ അധികാരങ്ങളുണ്ട്. അതെന്തൊക്കെയാണെന്ന് ഇന്ത്യൻ ഭരണഘടനയിൽ വ്യക്തമായി എഴുതിവെച്ചിട്ടുമുണ്ട്. ആരുടേയും പല്ല് അടിച്ചു കൊഴിക്കാനുള്ള അധികാരം എം.എൽ.എക്കെന്നല്ല മന്ത്രിക്കോ ജഡ്ജിക്കോ പോലുമില്ല.

സർക്കാർ ഉദ്യോഗസ്ഥൻമാരെ ഭരിക്കാൻ എം.എൽ.എക്ക് ഇന്ത്യൻ ഭരണഘടന അധികാരം നൽകുന്നില്ല. ഏതെങ്കിലും ഉദ്യോഗസ്ഥനെ സംബന്ധിച്ച് പരാതിയുണ്ടെങ്കിൽ എം.എൽ.എക്ക് അത് മേലധികാരികളേയോ വകുപ്പു മന്ത്രിയേയോ ധരിപ്പിക്കാം. പ്രശ്നം അസംബ്ലിയിൽ ഉന്നയിക്കയും ചെയ്യാം. പക്ഷേ, ഉദ്യോഗസ്ഥരെ വിളിച്ചു വരുത്തി വിശദീകരണം ചോദിക്കാനോ ഭീഷണിപ്പെടുത്താനോ കൈയ്യേറ്റം ചെയ്യാനോ എം.എൽ.എക്ക് അധികാരമില്ല.

ഡോക്ടറേക്കുറിച്ച് ഒട്ടേറെ പരാതികൾ ലഭിച്ചു എന്നാണ് എം.എൽ.എ. പറയുന്നത്. അത്തരം പരാതികൾ ഡോക്ടറുടെ മേലധികാരികൾക്കോ വകുപ്പു മന്ത്രിക്കോ കൈമാറുകയാണ് എം.എൽ.എ. ചെയ്യേണ്ടിയിരുന്നത്. പക്ഷേ, അതുണ്ടായില്ല. ഡോക്ടറെ വിളിച്ചു വരുത്തി വിശദീകരണം തേടാൻ എം.എൽ.എ. ശ്രമിച്ചത് തെറ്റായിപ്പോയി. എം.എൽ.എ. ഡോക്ടറെ അടിച്ചെന്നും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു എന്ന് കേൾക്കുന്നു. അങ്ങനെ നടന്നിട്ടുണ്ടെങ്കിൽ എം.എൽ.എ. നിയമം കൈയ്യിലെടുത്തു എന്ന് വ്യക്തം. എല്ലാവരും നിയമത്തിന്റെ മുന്നിൽ തുല്യരാണ്. കുറ്റം ചെയ്തത് എം.എൽ.എ. ആണെങ്കിലും ശിക്ഷിക്കപ്പെടണം.

ഈ സംഭവം നടന്നത് ബീഹാറിലാണെങ്കിൽ അത്ഭുതമില്ല. ഇതിൽ അധികവും അവിടെ നടക്കും. പക്ഷേ, സാക്ഷര കേരളത്തിൽ ഇങ്ങനെയൊക്കെ ചെയ്തിട്ട് രക്ഷപ്പെടാമെന്ന് ധരിച്ചെങ്കിൽ എം.എൽ.എക്ക് തെറ്റി. തിരുവായ്ക്ക് എതിർവായ് ഇല്ലാത്ത കാലമൊക്കെ പോയിട്ട് വർഷങ്ങൾ ഏറെയായി. അതുകൊണ്ട് ഓരോ അടിയും സൂക്ഷിച്ച് അടിക്കുക. അടിതെറ്റിയാൽ ആന മാത്രമല്ല അബ്ദ്ദുള്ളയും വീഴും.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.


## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ



വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.


# സത്യം സത്യമായി

വളരുംതോറും പിളരുകയും പിളരുംതോറും വളരുകയും ചെയ്യുന്ന അത്ഭുത പ്രതിഭാസമെന്ന നിലയിൽ കേരള കോൺഗ്രസ്സ് ലോകത്തെ എട്ടാമത്തെ അത്ഭുതമായി പരിഗണിക്കപ്പെടാൻ യോഗ്യത നേടിയിരുന്നു. പക്ഷേ, പിളരുംതോറും ലയിക്കുന്ന പ്രതിഭാസമെന്ന നിലയിലാകും ഭാവിയിൽ കേരളാ കോൺഗ്രസ്സ് അറിയപ്പെടുക എന്ന് തോന്നുന്നു. കാരണം, കേരളാ കോൺഗ്രസ്സുകൾ ഈയിടെയായി ലയനയജ്ഞം നടത്തിക്കൊണ്ടിരിക്കയാണ്.

ജേക്കബ്ബ് ഗ്രൂപ്പ് ലീഡറുടെ പാർട്ടിയിൽ ലയിച്ച് ഇല്ലാതെയായി. ഐ.എഫ്.ഡി.പി. എന്ന പേരിൽ അറിയപ്പെട്ടിരുന്ന കെ.കോ. ആത്മത്യാഗം ചെയ്ത ശേഷം ജോസഫ് ഗ്രൂപ്പിൽ ലയിച്ചു. പിള്ള ഗ്രൂപ്പ് ജനതാ ദളിൽ ലയിക്കാൻ ഓങ്ങി നിൽക്കുന്നു. മാണി ഗ്രൂപ്പിൽ ആരും ലയിക്കുന്ന മട്ടില്ല. നമ്പാടൻ മാഷിന്റെ കെ.കോ. എപ്പോഴോ ഇല്ലാതായി. മാഷ് മാർക്സിസ്റ്റുമായി.

എല്ലാ നദിയും കടലിലേയ്ക്ക് എന്നു പറഞ്ഞതുപോലെ ലയിക്കുന്നവരെല്ലാം ഒടുവിൽ എത്തിച്ചേരുന്നത് ഇടതുപക്ഷത്താണ്. എന്തും ഏതും ഉൾക്കൊള്ളാൻ ഇടതുപക്ഷം പഠിച്ചുകഴിഞ്ഞു. ബാലകൃഷ്ണപിള്ളയ്ക്കെതിരെ അപ്പീൽ കൊടുക്കുന്നതോടൊപ്പം അദ്ദേഹത്തെ വാരിപ്പുണരാനും തയ്യാർ. ജേക്കബ് അഴിമതിക്കാരനാണെന്ന് ആണയിടുന്നതോടൊപ്പം അദ്ദേഹം ഉൾപ്പെട്ടുനിൽക്കുന്ന പാർട്ടിയുമായി നീക്കുപോക്കു രാഷ്ട്രീയം കളിക്കാനും സമ്മതം. കഴിഞ്ഞ ദിവസം വരെ ബി.ജെ.പിയുടെ സഹയാത്രികനായിരുന്ന പി.സി.തോമസിനെ ലയനത്തിലൂടെ സ്വീകരിക്കാനും വിരോധമില്ല. മൈതാനം പോലെ വിശാലമായ ഒരു മനസ്സാണ് എൽ.ഡി.എഫിനുള്ളത് എന്നതിൽ സന്തോഷമുണ്ട്.

ഐക്യ ജനാധിപത്യ മുന്നണിയെ തോല്പിക്കാൻ എൽ.ഡി.എഫിനു പുറത്തുള്ള പാർട്ടികളുമായി നീക്കുപോക്കുണ്ടാക്കും എന്ന് ഇടതുപക്ഷം പ്രഖ്യാപിച്ചിരിക്കയാണ്. ആ വകയിലാണ് ലീഡർജിയുടെ പാർട്ടിയുമായി ധാരണ ഉണ്ടാക്കുന്നത്. ബി.ജെ.പിയെ തള്ളിപ്പറയാതെ എത്തുന്ന പി.സി.തോമസിനെ സ്വീകരിക്കാമെങ്കിൽ ബി.ജെ.പിയുമായി ഒരു ധാരണ ആകരുതോ? ആരുമായും കൂട്ടുകൂടും എന്ന് ബി.ജെ.പി. പ്രഖ്യാപിച്ചിട്ടുമുണ്ടല്ലോ. ഇടതുപക്ഷത്തിന്റെ പ്രഖ്യാപിത ശത്രുവായ കെ. കരുണാകരനുമായി കൂട്ടുകൂടാൻ ''കരുണാകരൻ പഴയ കരുണാകരനല്ല'' എന്നൊരു ന്യായം പറഞ്ഞതുപോലെ ബി.ജെ.പി. പഴയ ബി.ജെ.പി. അല്ല എന്ന് പ്രഖ്യാപിച്ചാൽ മതിയല്ലോ. (ഇടതുപക്ഷം ഇത്ര തരംതാഴരുതായിരുന്നു).

എൻ.സി.ഐ. എന്ന് നിരന്തരം കേട്ട് അത് മനസ്സിൽ പതിയാൻ തുടങ്ങുമ്പോഴാണ് ആ പേര് ഇല്ലാതായത്. ഇന്ദിര കോൺഗ്രസ്സ് (ഡെമോക്രാറ്റിക്) എന്ന പേര് ലഭിക്കാനാണ് ഇപ്പോൾ ശ്രമം. അതു നടക്കുമോ എന്ന് ഇത് എഴുതുന്ന സമയം വരെ നിശ്ചയമില്ല. അതും കിട്ടിയില്ലെങ്കിൽ എന്തുചെയ്യും? ഇന്ദിര, കോൺഗ്രസ്സ് എന്നീ വാക്കുകൾ കൂടിയേ കഴിയൂ. ഇന്ദിര മുരളി കോൺഗ്രസ്സ് എന്നാക്കിയാൽ പ്രശ്നം തീർന്നേക്കും.

അമ്പതു കൊല്ലം മുൻപ് പുറത്തിറങ്ങിയ പുസ്തകങ്ങൾക്കെല്ലാം ''അഥവാ'' നിർബ്ബന്ധമായിരുന്നു. ശങ്കുണ്ണിയുടെ അത്ഭുത കഥ അഥവാ പറങ്കിമാവിൻതോട്ടം എന്ന മട്ടിലായിരുന്നു അക്കാലത്ത് പുസ്തകങ്ങളുടെ പേര്. ഇന്ന് ഈ രോഗം രാഷ്ട്രീയ പാർട്ടികളെ ബാധിച്ചിരിക്കയാണ്. അഥവായ്ക്ക് പകരം ബ്രായ്ക്കറ്റാണെന്നു മാത്രം. ഒരു പാർട്ടിയായാൽ ഒരു ബ്രാക്കറ്റ് വേണം എന്നതാണ് സ്ഥിതി. സി.പി.ഐ.(എം.), ആർ.എസ്.പി. (ബി.), കേരള കോൺഗ്രസ്സ് (ബി.), കോൺഗ്രസ്സ് (എസ്സ്.) തുടങ്ങി കുറച്ചധികമുണ്ട്. തങ്ങളുടെ പാർട്ടിക്കും വേണം ഒരു ബ്രാക്കറ്റ് എന്ന് ലീഡർജിയും പുത്രനും തീരുമാനിച്ചു. അങ്ങനെയാണ് എൻ.സി. (ഐ.) ഉണ്ടായത്. ആ പേര് പറ്റില്ല എന്ന് തെരഞ്ഞെടുപ്പു കമ്മീഷൻ പറഞ്ഞതോടെ മറ്റൊരു ബ്രാക്കറ്റ് പേര് കണ്ടുപിടിച്ചിരിക്കുന്നു. ഇന്ദിരയെ ബ്രാക്കറ്റിൽ നിന്ന് പുറത്തിറക്കുകയും ഡെമോക്രസ്സിയെ ബ്രാക്കറ്റിൽ ആക്കുകയും ചെയ്തു. അങ്ങനെ ഇന്ദിര കോൺഗ്രസ്സ് (ഡെമോക്രാറ്റിക്ക്) എന്നാക്കി പേര്. ബ്രാക്കറ്റില്ലാത്ത ഒരു പാർട്ടിക്ക് വോട്ടു ചെയ്തിട്ട് ചത്താൽ മതിയായിരുന്നു എന്ന് കേരളത്തിലെ വോട്ടർമാർ പറയുന്ന കാലം വിദൂരമല്ല.

ലീഡറുടെ പാർട്ടി ഡെമോക്രസിയിൽ വിശ്വാസം അർപ്പിക്കാനുള്ള പുറപ്പാടിലാണ്. പക്ഷേ, ലീഡറുടെ ജനാധിപത്യ വ്യവസ്ഥിതിയിൽ ജനം എന്ന പേരിന് യോഗ്യരായ രണ്ടുപേരേ ഉണ്ടായിരിക്കൂ എന്ന് ഏവർക്കും അറിയാം. ഈ ജനങ്ങളുടെ ആധിപത്യമാണ് ജനാധിപത്യം. ഇതിനെ ചോദ്യം ചെയ്താൽ പുറത്ത്.

ശ്രീമാൻ അച്ചടിപ്പിശാച് കോൺഗ്രസ്സിനെ കഴിഞ്ഞ ദിവസം വെള്ളം കുടിപ്പിച്ചു. വയലാർ രവിയെ ചീറ്റുന്ന പാമ്പായും സ്നേഹസുധ ചൊരിയുന്ന പശുവായും മാറ്റിയതിൽ പിശാചിന് പങ്കൊന്നുമില്ല. പക്ഷേ, സോണിയാ ഗാന്ധിയെ എൻ.ഡി.എയുടെ തലപ്പത്തെത്തിച്ചത് മേല്പടി പിശാചുതന്നെ. ഇക്കണക്കിനു പോയാൽ വാജ്പേയ്ജിയെ ഈ പിശാച് വീണ്ടും ഇന്ത്യൻ പ്രധാന മന്ത്രിയാക്കിയെന്നും വരാം.

സകല എതിർപ്പുകളേയും തൃണവൽഗണിച്ചുകൊണ്ട് പെന്തക്കോസ്ത് ശതാബ്ദി പുരോഗമിക്കയാണ്. അടുത്ത അസംബ്ലി തെരഞ്ഞെടുപ്പ് ലക്ഷ്യം വച്ചാണ് ഈ സമ്മേളനം നീങ്ങുന്നതെന്ന രഹസ്യം പരസ്യമായിട്ടും തല്പര കക്ഷികൾക്ക് കുലുക്കമില്ല. പെന്തക്കോസ്തുകാരിൽ ഭൂരിപക്ഷവും കഴുതകളാണെന്ന് ഈ നേതാക്കൻമാർക്കറിയാം. ആത്മയമെന്ന ലേബലൊട്ടിച്ച് എന്തു കൊടുത്താലും പെന്തക്കോസ്തർ വെള്ളം തൊടാതെ വിഴുങ്ങിക്കൊള്ളും.

പെന്തക്കോസ്തുകാർ ദൈവവചനം ഉപേക്ഷിച്ചിട്ട് വർഷങ്ങളായി. ധനവാനും സമ്പന്നനും ഒന്നിനും മുട്ടില്ലാത്തവനുമായ വ്യക്തിക്ക് ദൈവവചനമെന്തിന്, ദൈവം എന്തിന്? പക്ഷേ, നല്ല ഡിമാന്റുള്ള വില്പനച്ചരക്കെന്ന നിലയിൽ ദൈവനാമം ഉപേക്ഷിക്കാൻ പറ്റില്ല. ആ പേരു പറഞ്ഞാണല്ലോ സകലവിധ തട്ടിപ്പുകളും നടത്തുന്നത്. കർത്താവ് ഇന്ന് ഭൂമിയിൽ ഇല്ലാത്തത് ഭാഗ്യമായി. ഉണ്ടായിരുന്നെങ്കിൽ ഇവർ കർത്താവിനെ തൂക്കി വിൽക്കുമായിരുന്നു.


**എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക**

**പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി., എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.**

**ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.**

**പെരുമ്പാവൂർ പ്രിന്റേഴ്സ്**

**ബസ്റ്റ് കോംപ്ലക്സ്**

കെ.എസ്.ആർ.ടി.സിക്ക് സമീപം
പെരുമ്പാവൂർ. ഫോൺ : 0484-3950734, 9447414608

# മരുപ്പച്ച വീണ്ടും നുണ പറയുന്നു

പെന്തക്കോസ്ത് ഉപദേശ സത്യങ്ങളിൽ വിശ്വസിക്കുന്നില്ലെങ്കിലും പെന്തക്കോസ്തിന് ഇല്ലാത്ത മഹത്വം ചാർത്തിക്കൊടുക്കുന്ന കാര്യത്തിൽ അച്ചൻകുഞ്ഞ് ഇലന്തൂർ എന്നും മുൻപന്തിയിലാണ്. ആഗസ്റ്റ് 20ന് ഇറങ്ങിയ മരുപ്പച്ചയിലും അച്ചൻകുഞ്ഞ് തന്റെ പതിവു പരിപാടി നടത്തിയിട്ടുണ്ട്.

ദീപസ്തംഭം മഹാശ്ചര്യം എന്ന മട്ടിൽ ശതാബ്ദി സമ്മേളനത്തേക്കുറിച്ച് അച്ചൻകുഞ്ഞ് മരുപ്പച്ചയിൽ എഴുതിയിട്ടുണ്ട്. അതിന്റെ ഭാഗമായാണ് പച്ചക്കള്ളം എഴുതി വിട്ടിരിക്കുന്നത്. ചില സാമ്പിളുകൾ ഇതാ:

വിവിധ രാജ്യങ്ങളിൽ വ്യാപിച്ചു കിടക്കുന്ന 50 കോടിയിൽപ്പരം വരുന്ന പെന്തക്കോസ്ത്-കരിസ്മാറ്റിക് പ്രസ്ഥാനങ്ങളുമായി ഇന്ത്യയിലെ പെന്തക്കോസ്ത് സമൂഹത്തിന് ആത്മീയ കൂട്ടായ്മയുണ്ട് എന്ന് അച്ചൻകുഞ്ഞ് പറയുന്നു. 50 കോടിയുടെ കണക്ക് എവിടെനിന്ന് കിട്ടി എന്ന് അറിഞ്ഞുകൂടാ. സ്വന്തം അടുപ്പിൻമൂട്ടിലിരുന്ന് കണക്കു കൂട്ടിയതാകാനേ വഴിയുള്ളൂ. കരിസ്മാറ്റിക്ക് എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നതെന്നും അറിഞ്ഞുകൂടാ. അതെന്താണെന്ന് അറിഞ്ഞാലേ ഇന്ത്യയിലെ പെന്തക്കോസ്തർക്ക് അവരുമായി ബന്ധമുണ്ടോ എന്നു പറയാനാവൂ.

സേവനത്തിനായി ക്രിസ്തുവിൻ പുതിയ സൃഷ്ടികളായിരിക്കുന്നു എന്ന പുതിയ നിയമ സന്ദേശം പ്രചരിപ്പിക്കുന്നവരാണ് പെന്തക്കോസ്തർ എന്ന് താണ് മറ്റൊരു കണ്ടുപിടുത്തം. പുതിയനിയമത്തിൽ എവിടെയാണാവോ ഇത്തരം ഒരു സന്ദേശമുള്ളത്. ഏതു പെന്തക്കോസ്ത് സഭയുടെ വിശ്വാസപ്രമാണത്തിലാണ് വീണ്ടും ജനനവും സേവനവുമായി ബന്ധപ്പെടുത്തി പറഞ്ഞിരിക്കുന്നതെന്നും അറിഞ്ഞുകൂടാ. സേവനം നടത്താൻ വീണ്ടും ജനനം കൂടിയേ കഴിയൂ എന്നും ഇല്ലല്ലോ.

നൂറുകണക്കിനു ധർമ്മ സ്ഥാപനങ്ങളുള്ള പെന്തക്കോസ്ത് പ്രസ്ഥാനങ്ങൾ ജീവകാരുണ്യ മേഖലയിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത് എന്നതാണ് മറ്റൊരു കണ്ടുപിടുത്തം. പച്ചക്കള്ളമാണ് അച്ചൻകുഞ്ഞ് പറയുന്നത്. സുവിശേഷപ്രവർത്തനത്തിലാണ് പെന്തക്കോസ്ത് സഭകൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. അതോടൊപ്പം കുറെ ജീവകാരുണ്യ പ്രവർത്തനങ്ങളും നടത്തുന്നു എന്നു മാത്രം. ഇങ്ങനെ ഭോഷ്ക്കു പറയാൻ അസ്സാധാരണ കഴിവുതന്നെ വേണം.

പെന്തക്കോസ്തുകാർ നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളുടെ കഥ മാലോകർക്കൊക്കെ അറിയാം. നൂറിന് ഒന്നോ രണ്ടോ സ്ഥാപനങ്ങൾ മാത്രമാണ് നല്ല നിലയിൽ നടക്കുന്നത്. ബാക്കിയുള്ളവയെല്ലാം പണം തട്ടാനുള്ള മറ മാത്രമാണ്. സംശയമുള്ളവർ അല്പം ഗവേഷണ പഠനങ്ങൾ നടത്തി നോക്കൂ. ജീവകാരുണ്യ രംഗത്ത് പ്രശംസനീയമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്നത് കത്തോലിക്കരാണ്. അവരുടെ ഏഴയലത്തു നിൽക്കാനുള്ള യോഗ്യത പെന്തക്കോസ്തുകാർക്കില്ല.

ആദ്യ നൂറ്റാണ്ടിൽ രൂപം കൊണ്ട കോൺഗ്രിഗേഷണൽ മാതൃകയുടെ പിൻതുടർച്ചയാണ് ഇന്നത്തെ പെന്തക്കോസ്ത് പ്രസ്ഥാനമെന്ന് അച്ചൻകുഞ്ഞ് പറയുന്നതും കള്ളമാണ്. പ്രാദേശിക സഭകൾ സ്വതന്ത്രമായി നിൽക്കുന്ന രീതിയാണ് ഒന്നാം നൂറ്റാണ്ടിൽ ഉണ്ടായിരുന്നത്. പക്ഷേ ഐ.പി.സി., ശാരോൻ, ചർച്ച് ഓഫ് ഗോഡ്, ഏ.ജി. തുടങ്ങി ഒരു പെന്തക്കോസ്ത് പ്രസ്ഥാനത്തിലും ഇത്തരത്തിൽ ഒരു രീതി നിലനിൽക്കുന്നതായി അറിവില്ല. നാലാം നൂറ്റാണ്ടിൽ സഭയിൽ കടന്നുകൂടിയ പാഗൺ മതത്തിന്റെ പുതിയ പതിപ്പായ പാപ്പാമതം പഠിപ്പിക്കുന്ന സംഘടനാസമ്പ്രദായമാണ് പ്രധാന പെന്തക്കോസ്ത് സഭകളിലെല്ലാം നിലനിൽക്കുന്നത്. അർത്ഥശൂന്യമായ വാചകക്കസർത്തിലൂടെ, പെന്തക്കോസ്തിന് ഇല്ലാത്ത മഹത്വം ഉണ്ടാക്കിക്കൊടുക്കാനുള്ള ഈ ശ്രമം എതിർക്കപ്പെടേണ്ടതാണ്.



# മോനി ചെന്നിത്തല മറുപടി പറയണം

മോനി ചെന്നിത്തല ഐ.പി.സി. നേതാക്കൻമാർക്ക് കൈക്കൂലി കൊടുത്താണ് സൗദി റീജിയന്റെ പ്രസിഡന്റായത് എന്ന ആരോപണത്തിന്റെ നിജസ്ഥിതി എന്തെന്നറിയാതെ വിശ്വാസികൾ ആശയക്കുഴപ്പത്തിൽ ആയിരിക്കുകയാണ്. കാരണം, മോനി ചെന്നിത്തല ഈ വിഷയത്തേക്കുറിച്ച് വ്യക്തമായി ഒന്നും പറയുന്നില്ല.

മോനി ചെന്നിത്തല ഐ.പി.സി. നേതാക്കൻമാർക്ക് എഴുതിയത് എന്ന് പറയപ്പെടുന്ന ഒരു കത്ത് പ്രചാരത്തിൽ വന്നതോടെയാണ് പ്രശ്നം തല പൊക്കിയത്. താൻ വളരെ പണം ചെലവാക്കിയാണ് സൗദി റീജിയന്റെ പ്രസിഡന്റായതെന്നും അതുകൊണ്ട് തന്നെ വയനാട് കേന്ദ്രമായി ഒരു റീജിയൻ ഉണ്ടാക്കി അതിന്റെ പ്രസിഡന്റ് ആക്കണമെന്നും കത്തിൽ എഴുതിയിരുന്നു. ബൈബിൾ കോളേജിൽ പഠിച്ചിട്ടില്ലെങ്കിലും സൗദി റീജിയന്റെ പ്രസിഡന്റായിരുന്ന വ്യക്തി എന്ന നിലയിൽ വയനാട് റീജിയന്റെ പ്രസിഡന്റാകാൻ തനിക്ക് എല്ലാവിധ യോഗ്യതയും ഉണ്ടെന്നും ആ കത്തിൽ ഉണ്ടായിരുന്നു. ഒറ്റ നോട്ടത്തിൽ ഒറിജിനൽ എന്ന് തോന്നുന്ന ആ കത്ത് മോനി ചെന്നിത്തല എഴുതിയതാണെന്ന് ഏവരും വിശ്വസിച്ചു. ഡിഫെൻഡറും അങ്ങനെ തന്നെ കരുതി. അതുകൊണ്ടാണ് ആ കത്ത് ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചത്.

എന്നാൽ കത്ത് ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ച് രണ്ടാഴ്ച കഴിഞ്ഞപ്പോൾ ആ കത്ത് താൻ എഴുതിയതല്ലെന്ന് അറിയിച്ചുകൊണ്ട് മോനി ചെന്നിത്തല എഴുതിയ കത്ത് ഡിഫെൻഡർ ഓഫീസിൽ ലഭിച്ചു. ആ കത്ത് ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കയും ചെയ്തു. എങ്കിലും സംശയം ഇപ്പോഴും നിലനിൽക്കുന്നു. ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ പലതുണ്ട്. മോനി ചെന്നിത്തല തന്നെ ഈ ചോദ്യങ്ങൾക്ക് മറുപടി പറയണം:

1. മോനി ചെന്നിത്തലയുടേത് എന്ന വ്യാജേന പുറത്തുവന്ന കത്തിൽ ഒരു ഒപ്പുണ്ട്. അത് ആരുടേതെന്ന് അറിഞ്ഞുകൂടാ. പക്ഷേ, മോനി ചെന്നിത്തല ഡിഫെൻഡർ ഓഫീസിലേക്ക് അയച്ച കത്തിൽ ഒപ്പില്ല. എന്തുകൊണ്ട് ഒപ്പിട്ടില്ല എന്ന് നാളിതുവരെ വ്യക്തമാക്കിയിട്ടുമില്ല.
2. വ്യാജമെന്നു പറയപ്പെടുന്ന കത്ത് മോനി ചെന്നിത്തല തന്റേതല്ലെന്നു പറയുന്നുണ്ടെങ്കിലും ആ കത്തിൽ പറയുന്ന വസ്തുതകൾ നിഷേധിച്ചിട്ടില്ല. മാത്രമല്ല, ആ കത്തിൽ പറയുന്ന സംഭവങ്ങൾ യഥാർത്ഥത്തിൽ നടന്നവതന്നെയാണെന്ന് ഡിഫെൻഡർ നടത്തിയ അന്വേഷണത്തിൽ നിന്നും വ്യക്തമായിട്ടുണ്ട്.
3. വി.എം.മാത്യു പണം വാങ്ങിയിട്ടില്ലെന്ന് അറിയാൻ കഴിഞ്ഞു. പക്ഷേ ജയിംസ് ജോർജ്, കെ.സി.ജോൺ, ടി.എസ്.ഏബ്രഹാം തുടങ്ങിയവർ വൻതുക വാങ്ങിയതായി വ്യക്തമായ വിവരം ലഭിച്ചിട്ടുണ്ട്. അതുകൊണ്ട് മോനി ചെന്നിത്തലയെ സൗദിയുടെ അപ്പത്തോലനാക്കിയതിന്റെ പിന്നിൽ പണത്തിന്റെ ശക്തി മാത്രമാണ് പ്രവർത്തിച്ചത് എന്ന് വ്യക്തം. ഇവർക്കാർക്കും പണം കൊടുത്തിട്ടില്ലെങ്കിൽ മോനി ചെന്നിത്തല അത് വ്യക്തമാക്കണം.
4. പണവും സ്വാധീനവും ഉള്ള ആളാണ് എന്നതിൽ കവിഞ്ഞ് എന്തു യോഗ്യതയാണ് മോനി ചെന്നിത്തലയ്ക്കുള്ളതെന്ന് ഒരു നേതാവും പറഞ്ഞിട്ടില്ല. ഉയർന്ന ആത്മീയ നിലവാരം കാത്തുസൂക്ഷിക്കുന്നവരും വചനപരിജ്ഞാനമുള്ളവരുമായ ദൈവദാസൻമാരെ അവഗണിച്ചുകൊണ്ട് മോനി ചെന്നിത്തലയെ സൗദി റീജിയന്റെ പ്രസിഡന്റാക്കിയത് എന്തു യോഗ്യത നോക്കിയാണെന്ന് നേതാക്കൻമാർ പറയണം.


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപന ത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളെ സംബന്ധി ക്കുന്ന എല്ലാ വിവരങ്ങളും ഫോട്ടോ സഹിതം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു.

www.yourname.com എന്ന വിലാസം
you@yourname.com എന്ന ഈമെയിൽ
ഒരു ഹോം പേജ്
ആകെ ചെലവ്: 1500 രൂപ മാത്രം
ഓരോ അധിക പേജിനും 400 രൂപ
ഫോൺ: 0484-3950734
മൊബൈൽ: 94474 14608

## വണ്ടിയുടെ ഗ്ലാസ് തല്ലിപ്പൊളിക്കേണ്ട

താക്കോൽ ഉള്ളിൽ വച്ച് നിങ്ങളുടെ വാഹനം പൂട്ടിപ്പോയി. അത് എങ്ങനെ തുറക്കും? വിവരം പെരുമ്പാവൂരിലെ ചാവിക്കടയിൽ അറിയിച്ചാൽ, (വാഹനം നിങ്ങളുടേതാണെന്ന് ബോദ്ധ്യപ്പെടുത്തിയാൽ), രണ്ടു മിനിറ്റുകൊണ്ട് കാര്യം സാധിക്കാം.

**ചാവിക്കട**

**ഫെഡറൽ ബാങ്കിന് എതിർവശം, പെരുമ്പാവൂർ**
**ഫോൺ: 9447149309. സമയം: 9 AM to 9 PM.**
**ഞായറാഴ്ചയും പ്രവർത്തിക്കും**

# ഭോഷ്ക്കിന്റെ ആത്മാവിനെ വിവേചിച്ചറിയുക

ആത്മീയൻ സകലത്തേയും വിവേചിക്കുന്നു എന്ന് ബൈബിൾ പറയുന്നു. പക്ഷേ, ഇന്നത്തെ ആത്മീയർക്ക് ആട്ടിൻകാഷ്ഠവും കൂർക്കയും തിരിച്ചറിയാൻ കഴിയുന്നില്ല. ഇതെന്തു മറിമായം?

ദൈവവചനമാണ് ദൈവമക്കളുടെ അളവുകോൽ. അത് നാം മറന്നിട്ട് കാലം കുറെ ആയി. പ്രശ്നം അതാണ്. ദൈവ വചനത്തിന് അർഹിക്കുന്ന പ്രാധാന്യം കൊടുത്തിരുന്നെങ്കിൽ ഈ പ്രശ്നങ്ങൾ ഒഴിവാക്കാമായിരുന്നു.

ഇന്ന് പെന്തക്കോസ്ത് സമൂഹം ഭോഷ്ക്കിൻെറ സ്വാധീനത്തിലാണ്. പ്രജാപതിയുടെ കാലം മുതൽ തുടങ്ങിയതാണിത്. പ്രജാപതിക്ക് വേദത്തിൽ ഇല്ലാത്ത ഗുണഗണങ്ങളൊക്കെ ചാർത്തിക്കൊടുത്ത് ക്രിസ്തുവാക്കി അവതരിപ്പിച്ചിട്ടും അത് വിവേചിച്ചറിയാൻ ഒരു പെന്തക്കോസ്ത് നേതാവിനും കഴിഞ്ഞില്ല. ഏറ്റവും വലിയ പെന്തക്കോസ്ത് സഭയെന്ന് പറയപ്പെടുന്ന ഐ.പി.സിയുടെ സണ്ടേസ്ക്കൂൾ പുസ്തകത്തിൽപ്പോലും പ്രജാപതിയെന്ന കള്ള ക്രിസ്തു സ്ഥാനം പിടിച്ചു. കൺവെൻഷൻ സ്റ്റേജുകളിൽ വേദപുസ്തകത്തിലെ വചനങ്ങൾക്കു പകരം വേദമന്ത്രങ്ങൾ മുഴങ്ങി. എന്നിട്ടും പെന്തക്കോസ്ത് നേതൃത്വം ഭോഷ്ക്കിൻെറ ആത്മാവിനെ വിവേചിച്ചറിഞ്ഞില്ല. പെന്തക്കോസ്ത് നേതാക്കൻമാർക്ക് ആത്മീയ അന്ധത എത്രത്തോളം ഉണ്ടെന്നറിയാൻ ഈ ഒരു പ്രശ്നം മാത്രം മതിയാകും.

ഉണർവ്വ് യോഗങ്ങൾ എന്ന പേരിൽ നാടെങ്ങും നടക്കുന്ന തട്ടിപ്പുയോഗങ്ങൾ പഠന വിധേയമാക്കൂ. ഇവിടൊക്കെ എന്താണ് നടക്കുന്നത്? ദൈവ വചനമാണോ ഈ യോഗങ്ങളിൽ ഘോഷിക്കപ്പെടുന്നത്? സത്യ സുവിശേഷമാണോ അതോ മറ്റൊരു സുവിശേഷമാണോ ഈ കൺവെൻഷനുകളിൽ പ്രസംഗിക്കപ്പെടുന്നത്?

സുരേഷ് ബാബു എന്ന ഭോഷ്ക്കിൻെറ പുത്രൻ ദൈവമക്കളെ വഞ്ചിക്കാൻ തുടങ്ങിയിട്ട് ഒരു ദശാബ്ദത്തിൽ അധികമായി. ഇതിനെതിരെ ഒരു ചെറുവിരലെങ്കിലും അനക്കാൻ ഏതെങ്കിലും പെന്തക്കോസ്ത് നേതാവിന് കഴിഞ്ഞിട്ടുണ്ടോ? ഇല്ലെന്നു മാത്രമല്ല, സുരേഷ് ബാബുവിനെ വിളിച്ച് യോഗത്തിൽ പ്രസംഗിപ്പിക്കാത്ത ഏതെങ്കിലും പെന്തക്കോസ്ത് പ്രസ്ഥാനം ഈ കേരളക്കരയിലുണ്ടോ? സുരേഷ് ബാബുവിനോടൊപ്പം വേദി പങ്കിടാത്ത എത്ര പെന്തക്കോസ്ത് നേതാക്കൻമാരുണ്ട്? സുരേഷ് ബാബു വ്യഭിചാരിയും തട്ടിപ്പുകാരനും ഒക്കെയാണെന്ന് വ്യക്തമായിക്കഴിഞ്ഞിട്ടും ഇയാളെ ചുമന്നുകൊണ്ടു നടക്കാൻ പെന്തക്കോസ്ത് നേതാക്കൻമാർക്ക് ലജ്ജയില്ല.

ഭോഷ്ക്കിൻെറ ആത്മാവിൻെറ ശക്തി ഇന്ന് പെന്തക്കോസ്തിൽ എത്രത്തോളം സ്വാധീനം ചെലുത്തുന്നുണ്ട് എന്നറിയാൻ ഇന്ന് ഏറ്റവും മാർക്കറ്റുള്ള പ്രസംഗകർ ആരൊക്കെയാണ് എന്ന് നോക്കിയാൽ മതിയാകും.

കെ.സി.ജോണാണ് പ്രസംഗകരിൽ ഒരാൾ. തൊഴിൽ വ്യഭിചാരമാണ്. മിച്ചം കിട്ടുന്ന സമയത്ത് സുവിശേഷ പ്രസംഗവും. എന്തെങ്കിലുമൊക്കെ പറഞ്ഞ് ജനത്തെ ഇളക്കും. ഉണർവ്വു പ്രസംഗകൻ എന്ന പേര് നിലനിർത്തുന്നത് അങ്ങനെയാണ്. തിരുവല്ലയിൽ നടക്കുന്ന ശതാബ്ദി സമ്മേളനത്തിന്റെ തലപ്പത്തും ഈ പരമ നീചനുണ്ട്. നൂറു വർഷം പരിശ്രമിച്ചിട്ടും കെ.സി.ജോണിനേപ്പോലൊരു വ്യഭിചാരിയെ മാത്രമേ ശതാബ്ദി സമ്മേളനത്തിന്റെ നേതൃസ്ഥാനത്ത് നിർത്താൻ കിട്ടിയുള്ളൂ എന്നു പറയുമ്പോൾ പെന്തക്കോസ്ത് എവിടെ നിൽക്കുന്നു എന്ന് ഊഹിക്കുക.

ഉണർവ്വു പ്രസംഗകനെന്ന നിലയിൽ സുരേഷ് ബാബുവിന് ഇന്നും ഒട്ടൊക്കെ മാർക്കറ്റുണ്ട്. വായ് തുറന്നാൽ നുണയേ പറയൂ. നടക്കാത്ത അത്ഭുതം നടന്നെന്നും ഉണ്ടാകാത്ത രോഗശാന്തി ഉണ്ടായെന്നും പറഞ്ഞ് ജനത്തെ ഇളക്കുന്നു. ഇദ്ദേഹത്തിൻെറയും പ്രധാന തൊഴിൽ വ്യഭിചാരമാണ്.

സാമച്ചൻ എന്നൊരു വീരനാണ് അടുത്തത്. ഇദ്ദേഹവും ചക്കിക്കു ചേരുന്ന ചങ്കരൻ തന്നെ. ഇദ്ദേഹത്തെ വീട്ടിൽ കയറ്റിയാൽ എങ്ങനെയിരിക്കും എന്നറിയണമെങ്കിൽ കുവൈറ്റിലുള്ള അമ്മാമ്മമാരോട് ചോദിക്കണം എന്നു പറഞ്ഞാൽ കാര്യം പിടികിട്ടുമല്ലോ. എന്നിട്ടും സാമച്ചന് പ്രോഗ്രാമിന് കുറവില്ല. വിദേശത്താണ് മിക്കപ്പോഴും.

ജനത്തെ ഇളക്കി മറിക്കുന്ന പ്രസംഗകനാണ് എം.എ. വർഗീസ്. ഈ കക്ഷി പണ്ട് ശാസ്ത്രജ്ഞനായിരുന്നത്രേ. ഇദ്ദേഹം വിളിച്ചുകൂവുന്ന നുണകൾക്ക് ഒരു അതിരുമില്ല. ഇതൊക്കെ കേട്ട് ജനം ആത്മാവിൽ നിറയുന്നു. ഏതാത്മാവിൽ?

ഉണർവ്വ് പ്രസംഗകർ എന്ന പേരിൽ അറിയപ്പെടുന്ന ഭൂരിപക്ഷം ആളുകളും ഇത്തരക്കാരാണെന്ന സത്യം ദുഃഖത്തോടെ പറയട്ടെ. ദുർന്നടപ്പുകാർ, ഭോഷ്ക്കു പറയുന്നത് ജീവിതത്തിൻെറ ഭാഗമാക്കിയവർ, പണമുണ്ടാക്കാൻ വേണ്ടി ഏതു ഹീനമാർഗ്ഗവും പ്രയോഗിക്കുന്നവർ എന്നിങ്ങനെയുള്ളവരാണ് ഉണർവ്വു പ്രസംഗകരിൽ നല്ലൊരു പങ്ക്. പക്ഷേ, ഇവരെ വിവേചിച്ചറിയാനോ ഇവർക്കെതിരെ പ്രതികരിക്കാനോ ഒരു പെന്തക്കോസ്ത് നേതാവുപോലും ധൈര്യപ്പെടുന്നില്ല. കഷ്ടമെന്നേ പറയേണ്ടൂ.

അത്ഭുതങ്ങളുടെ ദൈവം ഇന്നും ജീവിക്കുന്നു. അതുകൊണ്ട് ഒന്നാം നൂറ്റാണ്ടിൽ നടന്നതുപോലെയുള്ള എല്ലാവിധ അത്ഭുതങ്ങളും ഇക്കാലത്ത് നടക്കും. പക്ഷേ, നടക്കാത്ത അത്ഭുതങ്ങൾ നടന്നു എന്ന് പ്രചരിപ്പിച്ച് ദൈവത്തിന് മഹത്വം ഉണ്ടാക്കി കൊടുക്കേണ്ട ആവശ്യമില്ല.

വിശ്വസിക്കുന്ന ഏവരേയും രക്ഷിക്കാൻ സുവിശേഷത്തിന് ശക്തിയുണ്ട്. അതുകൊണ്ട് നിർമ്മല സുവിശേഷം പ്രസംഗിക്കുക. അതുകേട്ട് ജനം രക്ഷിക്കപ്പെടും. വിശ്വസിക്കുന്നവർക്കായി ദൈവം അത്ഭുതം പ്രവർത്തിക്കുമെങ്കിലും വിശ്വസിപ്പിക്കാനായി ദൈവം അത്ഭുതം പ്രവർത്തിക്കാറില്ല. അതുകൊണ്ട് കൺവെൻഷൻ സ്റ്റേജിൽ വെച്ച് അത്ഭുതം നടത്തി മാനവും മഹത്വവും നേടാൻ ശ്രമിക്കുന്ന പ്രസംഗകരെ സൂക്ഷിക്കുക.

സാത്താനെ കണ്ടാൽ സാത്താനാണെന്ന് തിരിച്ചറിയാനുള്ള കഴിവ് വിശ്വാസിക്കുണ്ടായിരിക്കണം. സ്വന്തം ഭർത്താവിനെ ഭാര്യക്ക് തിരിച്ചറിയാൻ കഴിയുന്നില്ലെങ്കിൽ - കാണുന്ന പുരുഷൻമാരെല്ലാം ഭർത്താവാണെന്ന് ഒരു സ്ത്രീ വിശ്വസിക്കുന്നെങ്കിൽ - എന്തു സംഭവിക്കുമെന്ന് വിശേഷിച്ച് പറയേണ്ടതില്ലല്ലോ. ഇന്നത്തെ പെന്തക്കോസ്ത് പ്രസ്ഥാനം ഏറെക്കുറെ ഈ അവസ്ഥയിലാണ്.

# ഡിഫെൻഡർ മറുപടി പറയുന്നു

? പെന്തക്കോസ്തുകാർ രാഷ്ട്രീയപ്രവർത്തകരാകുന്നത് ശരിയാണോ? തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ ഈ ചോദ്യത്തിന് മറുപടി ലഭിക്കാൻ ആഗ്രഹിക്കുന്നു.

വിശ്വാസികൾക്ക് കക്ഷി രാഷ്ട്രീയത്തിൽ ഇടപെടാമോ എന്ന വിഷയത്തേക്കുറിച്ച് ഒരിക്കൽ മറുപടി പറഞ്ഞതാണ്. എങ്കിലും ഒരിക്കൽക്കൂടി പറയാം.

■ രാഷ്ട്രീയ പ്രവർത്തനം അതിൽത്തന്നെ ഒരു തെറ്റല്ല. എങ്കിലും ഇന്നത്തെ രാഷ്ട്രീയ പരിതസ്ഥിതി വെച്ചു വിലയിരുത്തുമ്പോൾ വിശ്വാസികൾക്ക് യോജിച്ച പണിയല്ല ഇത് എന്ന് പറയേണ്ടതായി വരുന്നു.

ക്രിസ്തുവിന്റെ രാജ്യം ഐഹികമല്ല. ക്രിസ്തുവിന്റെ അനുയായിയായ വിശ്വാസി വരും ലോകത്തിൽ പ്രത്യാശയുള്ളവനാണ്. ആരൊക്കെ ഭരിച്ചാലും ഈ ലോകം നന്നാകുകയില്ല എന്ന് വ്യക്തം. അഴിമതിരഹിതമായ ഒരു ഭരണം സങ്കല്പ ലോകത്തിലേ ഉണ്ടാകൂ. അതുകൊണ്ട് ദൈവ വചനത്തിന്റെ പരിധിയിൽ ഒതുങ്ങി നിന്നുകൊണ്ട് രാഷ്ട്രീയ പ്രവർത്തനം നടത്തുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല.

വിശ്വാസികൾക്ക് പൂർണ്ണമായി യോജിക്കാൻ കഴിയുന്ന ഒരു രാഷ്ട്രീയ പാർട്ടി ഇല്ല എന്നതാണ് മറ്റൊരു പ്രശ്നം. രാഷ്ട്രീയ പാർട്ടിയിൽ അംഗത്വമെടുക്കുന്നവർ ദൈവ വചനത്തിലെ ചില വാക്യങ്ങളെങ്കിലും കണ്ടില്ലെന്നു നടിക്കേണ്ടതായി വരും. ദൈവ വചനം വിട്ടുള്ള ഏതു നടപടിയും ദൈവമക്കൾ ഒഴിവാക്കണം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ കക്ഷി രാഷ്ട്രീയത്തേക്കാൾ മറ്റു പല പരിഗണനകളുമാണ് ജയപരാജയങ്ങൾ നിർണ്ണയിക്കുന്നത്. വിരലിലെണ്ണാവുന്ന വോട്ടുകളുടെ വ്യത്യാസത്തിലാണ് വിജയവും പരാജയവും ഒക്കെ ഉണ്ടാകുന്നത്.

കുടുംബ ബന്ധങ്ങൾ പലരുടേയും വിജയത്തിന് കാരണമാകാറുണ്ട്. പണം, പ്രതാപം, വിദ്യാഭ്യാസം തുടങ്ങിയവയും പരിഗണിക്കപ്പെടും. എങ്കിലും വിശ്വാസികൾ തെരഞ്ഞെടുപ്പിൽ മത്സരിക്കാതിരിക്കുകയാണ് നല്ലത് എന്നാണ് ഡിഫെൻഡറിന് പറയാനുള്ളത്. മത്സരിക്കുന്നത് പാപമാണെന്ന് പറഞ്ഞിട്ടുമില്ല എന്ന് എടുത്തു പറയട്ടെ.

ഏതു തെരഞ്ഞെടുപ്പിലായാലും സഭ ഇടപെടുന്നത് ശരിയല്ല. സഭയെ വെച്ച് പെന്തക്കോസ്ത് നേതാക്കൻമാർ വിലപേശൽ നടത്തുന്നതും ശരിയല്ല.

ഒരു പെന്തക്കോസ്ത് എം.എൽ.എ. എന്നത് പലരുടേയും സ്വപ്നമാണ്. പക്ഷേ, അത് പെന്തക്കോസ്ത് പ്രസ്ഥാനത്തോടുള്ള സ്നേഹം കൊണ്ടാണെന്ന് തോന്നുന്നില്ല. കാരണം, ആ പെന്തക്കോസ്ത് എം.എൽ.എ. താനായിരിക്കണമെന്നുകൂടി ഇവരിൽ ഓരോരുത്തരും ആഗ്രഹിക്കുന്നു. പെന്തക്കോസ്തിനോടുള്ള സ്നേഹമല്ല, മറിച്ച് പെന്തക്കോസ്തിന്റെ ലേബലിൽ തനിക്ക് നേട്ടമുണ്ടാക്കാമെന്ന ദുരാഗ്രഹമാണ് മിക്കവരേയും നയിക്കുന്നത്.

തെരഞ്ഞെടുപ്പ് അടുക്കുമ്പോൾ ചില പെന്തക്കോസ്തുകാർ സംഘടിച്ച് രാഷ്ട്രീയ നേതാക്കൻമാരെ കാണുന്നതും പെന്തക്കോസ്ത് സഭയുടെ പേരു പറഞ്ഞ് സീറ്റ് ചോദിക്കുന്നതും പതിവായിട്ടുണ്ട്. അടുത്ത അസംബ്ലി തെരഞ്ഞെടുപ്പിലും അതൊക്കെ ഉണ്ടാകാം. പെന്തക്കോസ്തിന്റെ പേരു പറഞ്ഞ് ആളുകളിക്കാൻ ഇറങ്ങി പുറപ്പെടുന്ന ഇത്തരക്കാർക്ക് പെന്തക്കോസ്ത് വിശ്വാസത്തോട് പറയത്തക്ക പ്രതിബദ്ധതയൊന്നും ഉള്ളതായി കണ്ടിട്ടുമില്ല.

ശതാബ്ദി സമ്മേളനമെന്ന പേരിൽ തിരുവല്ലയിൽ നടക്കാൻ പോകുന്ന പരിപാടി രാഷ്ട്രീയ ലക്ഷ്യത്തോടെ ഉള്ളതാണ്. ശതാബ്ദി സമ്മേളനത്തിന്റെ നേതാക്കൻമാർ അത് പത്ര സമ്മേളനം നടത്തി വ്യക്തമാക്കുകയും ചെയ്തിരുന്നു. നിരവധി പത്രങ്ങളിൽ ഈ വാർത്ത അച്ചടിച്ച് വന്നിരുന്നു. ഇതേപ്പറ്റി ഡിഫെൻഡറിൽ വിശദമായി എഴുതിയിരുന്നല്ലോ.

പ്രധാനമന്ത്രി മുതലുള്ളവരെ ശതാബ്ദിക്ക് ക്ഷണിച്ചു വരുത്തുന്നതിന്റെ പിന്നിൽ ആത്മീയ ലക്ഷ്യമല്ല രാഷ്ട്രീയ ലക്ഷ്യമാണുള്ളത് എന്ന് ദൈവമക്കൾ തിരിച്ചറിയണം. പെന്തക്കോസ്തുകാർ വലിയൊരു ശക്തിയാണെന്ന് പ്രധാന മന്ത്രിയേയും മുഖ്യമന്ത്രിയേയും മറ്റു രാഷ്ട്രീയ പ്രവർത്തകരേയും കാണിച്ചുകൊടുക്കുകയാണ് ലക്ഷ്യം. ലക്ഷക്കണക്കിനു വോട്ടുകൾ കൈവശമുള്ളവരാണ് പെന്തക്കോസ്ത് നേതാക്കൻമാർ എന്ന് രാഷ്ട്രീയക്കാർ അറിഞ്ഞാൽ ഇന്ന് വെള്ളാപ്പള്ളി നടേശന്റേയും നാരായണപ്പണിക്കരുടേയും പിന്നാലെ നടക്കുന്നതുപോലെ പെന്തക്കോസ്തുകാരുടെ പിന്നാലെയും നടക്കും. അങ്ങനെ പെന്തക്കോസ്ത് നേതാക്കൻമാർക്ക് നേട്ടങ്ങൾ കൊയ്യാം. അതിനുള്ള വിത്താണ് തിരുവല്ലയിൽ വിതയ്ക്കുന്നത്.

നാടൻ സായിപ്പുമാർ പ്രസംഗിച്ചാൽ പങ്കെടുക്കുന്നവരുടെ സംഖ്യ നാലക്കം കവിയുകയില്ല എന്ന് ഏവർക്കും അറിയാം. അതിനാണ് സായിപ്പിനെ ഇറക്കുമതി ചെയ്യുന്നത്. സായിപ്പിനെ കാണാൻ ജനം കൂടും. സായിപ്പ് അത്ഭുതങ്ങൾ കാണിക്കും എന്ന് പ്രചരണമുള്ളതിനാൽ അത്ഭുതം കാണാനും നിരവധി ആളുകൾ കൂടും. സമ്മേളനത്തിന്റെ ഭാരവാഹികളായിത്തന്നെ നിരവധി ആളുകൾ ഉണ്ടല്ലോ. എല്ലാംകൂടി ആകുമ്പോൾ വലിയൊരു ജനക്കൂട്ടമുണ്ടാകും. ഇവരെല്ലാം പെന്തക്കോസ്ത് നേതാക്കൻമാരുടെ ചൊല്പടിക്ക് നിൽക്കുന്നവരാണെന്നും നേതാക്കൻമാർ ചൂണ്ടിക്കാണിക്കുന്ന ചിഹ്നത്തിൽ വോട്ടു ചെയ്യുമെന്നും നേതാക്കൻമാരെ ധരിപ്പിക്കാനാണ് ശ്രമം.

പതിനെട്ടു വയസ്സ് തികഞ്ഞ ഏത് ഇന്ത്യൻ പൗരനും വോട്ടുണ്ട്. അതുകൊണ്ട് പെന്തക്കോസ്തുകാർക്കും വോട്ടുണ്ട്. തങ്ങൾക്ക് ഇഷ്ടമുള്ള സ്ഥാനാർത്ഥിക്ക് വോട്ടുചെയ്യാനുള്ള സ്വാതന്ത്ര്യം ഏതു വിശ്വാസിക്കുമുണ്ട്. വോട്ടു ചെയ്യുന്നത് പാപമല്ല. പക്ഷേ പെന്തക്കോസ്തുകാരായ വോട്ടർമാരെ ചൂണ്ടിക്കാട്ടി രാഷ്ട്രീയ നേട്ടങ്ങൾ ഉണ്ടാക്കാൻ ചിലർ നടത്തുന്ന ശ്രമങ്ങൾ അങ്ങേയറ്റം ഹീനമാണ്. അത് എതിർക്കപ്പെടേണ്ടതാണ്.

രാഷ്ട്രീയ നേട്ടങ്ങൾ ഉണ്ടാക്കാൻ വേണ്ടി നടത്തുന്ന ശതാബ്ദി സമ്മേളനംമൂലം ദൈവനാമം ദുഷിക്കുകയും ദുരുപദേശം പ്രചരിക്കയും ചെയ്യും. അതേപ്പറ്റി ഒന്നാം പേജിൽ വിശദീകരിച്ചിട്ടുണ്ടല്ലോ.

പെന്തക്കോസ്ത് സഭ എന്നത് നൂറു വർഷം മുൻപ് മാത്രം ഉണ്ടായ ഒന്നാണ് എന്ന് സമുദായക്കാർ പറഞ്ഞിരുന്നു. അത് പെന്തക്കോസ്തുകാർ തന്നെ ഇപ്പോൾ പെരുമ്പറ കൊട്ടി അറിയിക്കയാണ്. ഇതുമൂലം ഉണ്ടാകുന്ന ദോഷം വളരെ വലുതാണ്. സുവിശേഷവുമായി പൊതുജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെല്ലുന്ന സാധാരണക്കാരായ സുവിശേഷകർക്കു മാത്രമേ ഇതിന്റെ ബുദ്ധിമുട്ടറിയൂ. വല്ലവനും ഒരുക്കുന്ന സ്റ്റേജിൽ കയറി സുവിശേഷ കസർത്തു നടത്തി കൈമടക്കും വാങ്ങി പോകുന്നവർക്ക് ഇതൊന്നും അറിയാൻ കഴിയുകയില്ല.

# റവ ദുആ ആയി

റവ എന്നു കേട്ടയുടൻ പെന്തക്കോസ്തിലെ ഏതോ റവറന്റിന്റെ കാര്യമാണ് പറയാൻ പോകുന്നത് എന്ന് കരുതിയവർക്ക് തെറ്റി. ഈ സംഭവത്തിലെ റവ എന്നത് റവറന്റല്ല പുട്ടും മറ്റും ഉണ്ടാക്കാൻ ഉപയോഗിക്കുന്ന സാക്ഷാൽ റവയാണ്. ദുആ എന്താണെന്ന് മിക്കവർക്കും അറിയാം എന്നു കരുതുന്നു. അഥവാ, അറിഞ്ഞുകൂടെങ്കിൽ പറയാം: ദുആ ഒരുതരം ബിരിയാണിയരിയാണ്.

ഐ.പി.സി. ജനറൽ കൺവെൻഷനുമായി ബന്ധപ്പെട്ട് ഒരു കഞ്ഞിപ്രശ്നം ഉണ്ടായതായി ഡിഫെൻഡറിൽ എഴുതിയിരുന്നല്ലോ. കഞ്ഞിവീഴ്ത്തൽ വകയിൽ രണ്ടുലക്ഷത്തിലധികം രൂപ കിട്ടാനുണ്ടെന്ന് കഞ്ഞിയുടെ അധിപനും കൃത്യമായ കണക്കില്ലാതെ പണം കൊടുക്കാൻ പറ്റില്ലെന്ന് ടി.എസ്.ഏബ്രഹാമും വാശി പിടിച്ചതാണ് പ്രശ്നത്തിന് കാരണമായത്. അതോടെ കഞ്ഞിക്കാരൻ ഒരു കണക്ക് കൊടുത്തു. അതിൽ റവ 300 കിലോ എന്ന് എഴുതിയിരുന്നു എന്ന് ജോസഫ് താന്നിക്കൽ പ്രസിദ്ധീകരിച്ച നോട്ടീസിൽ നിന്ന് മനസ്സിലാക്കാം.

റവ 300 കിലോ എന്നൊരു കണക്ക് താൻ കൊടുത്തിട്ടില്ലെന്ന് കഞ്ഞിക്കാരൻ വ്യക്തമാക്കി. അങ്ങനെ ഉണ്ടെന്ന് ടി.എസ്.ഏബ്രഹാമും കൂട്ടരും വാദിച്ചു. ഒടുവിൽ കഞ്ഞിക്കാരൻ കൊടുത്ത കണക്ക് പരിശോധിച്ചു. ദുആ എന്ന് എഴുതിയിരുന്നത് റവ എന്ന് വായിച്ചതാണ് പ്രശ്നമായത് എന്ന് വ്യക്തമായി. എന്തിനേറെ പറയുന്നു, കിട്ടാനുള്ള പണം അണ, പൈസ തീർത്ത് വാങ്ങിയിട്ടാണ് കഞ്ഞിക്കാരൻ ടി.എസ്. ഏബ്രഹാമിനെ വിട്ടത്.

# ഭൂതം കൈവെയ്പ്പു നൽകി

ഭൂതം കൈവെയ്പ് ശുശ്രൂഷ നടത്തിയിരിക്കുന്നു. സംഭവം നടന്നത് ഒറീസ്സയിലാണ്. നെടുമങ്ങാടിനടുത്തുള്ള ഒരു ഏ.ജി. സഭയിലെ പാസ്റ്ററായ കെ.ശശിക്കാണ് ഭൂതം കൈവെയ്പ് നൽകി ആനുഗ്രഹിച്ചത്.

വിചിത്രമായ സ്വഭാവ വിശേഷങ്ങളുള്ള വ്യക്തിയാണ് കെ. ശശി. ചിലപ്പോഴൊക്കെ ഭ്രാന്തിന്റെ ലക്ഷണങ്ങൾ കാണിച്ചിട്ടുണ്ടെന്നും ചികിത്സ നടത്തിയിട്ടുണ്ടെന്നും അറിയാൻ കഴിഞ്ഞു. ഏതാനും മാസം മുൻപും മാനസിക പ്രശ്നമുണ്ടായി. ഇദ്ദേഹത്തിന്റെ സഹോദരനാണ് വെണ്ണിക്കുളം ഭാഗത്ത് ഉപദേശിപ്പണി ചെയ്യുന്ന കെ.സോമൻ. ഇരുവരും ചേർന്ന് നടത്തിയ ശുശ്രൂഷയ്ക്കിടയിലാണ് ഭൂതം കൈവെയ്പ് ശുശ്രൂഷ നടത്തിയത്.

വിദേശ പര്യടനം നടത്തുക എന്നത് ഏതു പാസ്റ്ററുടേയും അന്ത്യാ... സോറി, ജീവിതാഭിലാഷമാണ്. അത് അല്പം പണച്ചെലവുള്ള കാര്യവുമാണ്. വിസ സംഘടിപ്പിക്കാനും മറ്റുമുള്ള ബുദ്ധിമുട്ടുകൾ എക്സ്ട്രാ. അതുകൊണ്ട് വിദേശയാത്ര പലർക്കും സ്വപ്നം മാത്രമായി അവശേഷിക്കും. അത്തരക്കാർ ഒരു വടക്കേ ഇന്ത്യൻ പര്യടനം നടത്തി സായൂജ്യമടയും.

സോമനും ശശിയും കൂടി ഒരു വടക്കേ ഇന്ത്യൻ ടൂർ നടത്താൻ തീരുമാനിച്ചു. അങ്ങനെയാണ് അവർ ഒറീസയിൽ എത്തിയത്. ഒരു ദൈവദാസൻ അവിടെ ഉപവാസ പ്രാർത്ഥന നടത്തുന്നതായി അറിഞ്ഞ് ഇരുവരും അവിടെയെത്തി. ആ പാവം ഇവരെ സ്വീകരിച്ചു. അത്യുഗ്രൻ ദൈവദാസൻമാരായി സഭക്ക് പരിചയപ്പെടുത്തി. അങ്ങനെ അവർ പ്രസംഗം ആരംഭിച്ചു.

ഒരു ദിവസം ഒരു സ്ത്രീക്ക് ഭൂതമിളകി. ഭൂതത്തെ നിലയ്ക്ക് നിർത്തിയിട്ടുതന്നെ കാര്യം എന്ന് ശശി തീരുമാനിച്ചു. അത്യുഗ്രമായി ഭർസിക്കയും സർവ്വ ശക്തിയും എടുത്ത് ശാസിക്കയും ചെയ്തിട്ടും ഭൂതം വകവെച്ചില്ല. എന്നാൽപ്പിന്നെ മന്ത്രവാദി സ്റ്റൈലിൽ ആകാമെന്നു തീരുമാനിച്ചു. ശശി ആ സ്ത്രീയുടെ കണ്ണുകളിൽ വിരൽ അമർത്തി. പാവം സ്ത്രീ, അവർ വേദനകൊണ്ട് പുളഞ്ഞു. പക്ഷേ, ശശി വിട്ടില്ല. ഒടുവിൽ ആ സ്ത്രീ സഹികെട്ടു. ആവുന്നത്ര ശക്തിയെടുത്ത് ശശിയുടെ കരണത്ത് ഒരടി പാസ്സാക്കി. അതോടെ ശശി പിടി വിട്ടു. അങ്ങനെ ഭൂതത്തിന്റെ ശുശ്രൂഷ ഫലിച്ചു. ഏതായാലും ഈ ചങ്ങാതിമാർ ഒറീസ്സയിൽ നിന്നും ഡൽഹിയിലേക്ക് കടന്നതായാണ് അറിവ്.

# പ്രകൃതി വിരുദ്ധനെ എന്തുചെയ്തു?

പ്രകൃതി വിരുദ്ധനായ ബിജു ഐസക്കിനെതിരെ ഐ.പി.സി. എന്തു നടപടി സ്വീകരിച്ചു? ഒന്നുമില്ല. പ്രകൃതി വിരുദ്ധന് പരിപാടി പൂർവ്വാധികം ശക്തിയോടെ തുടരാം. അത്രതന്നെ.

ഈ വിദ്വാൻ റാന്നി സെന്ററിൽ ആയിരുന്നപ്പോൾ നടത്തിയ ഈ കലാപരിപാടിക്കെതിരെ പരാതി നൽകിയത് റാന്നി സെന്ററാണ്. സെന്റർ പാസ്റ്ററായ കെ.കെ.ചെറിയാൻ വിശദമായ അന്വേഷണം നടത്തിയാണ് പരാതി കൊടുത്തത്. പരാതിയിൽ കഴമ്പുണ്ടോ എന്നു പരിശോധിക്കുകപോലും ചെയ്യാതെ ടി.എസ്.ഏബ്രഹാം അത് ചവറ്റുകൊട്ടയിൽ ഇട്ടു.

ബിജു ചെയ്തതിലും ഗുരുതരമായ പാപങ്ങൾ ചെയ്തിട്ടുള്ള ടി.എസ്.ഏബ്രഹാമിന് എങ്ങനെ ബിജുവിനെതിരെ നടപടി എടുക്കാൻ കഴിയും?

പക്ഷേ, റാന്നി സെന്ററുകാർ ഈ പ്രശ്നം അങ്ങനെയങ്ങ് വിട്ടുകളയാൻ തയ്യാറല്ല. ഗുരുതരമായ പാപം ചെയ്ത ബിജു ഐസക്കിനെതിരെ നടപടി എടുത്തേ മതിയാകൂ എന്നാണ് അവർ പറയുന്നത്. അത് തികച്ചും ന്യായമായ ആവശ്യമാണല്ലോ.

ഉപദേശത്തിലും ജീവിതത്തിലും മൂല്യങ്ങൾ കാത്തു സൂക്ഷിക്കണമെന്ന് നിർബ്ബന്ധമുള്ള വ്യക്തിയാണ് പാസ്റ്റർ കെ.കെ. ചെറിയാൻ. അതുകൊണ്ടാണ് ബിജു ഐസക്കിന്റെ ദുർനടപടിക്കെതിരെ കൗൺസിലിന് പരാതി നൽകിയത്. ദൈവം നികൃഷ്ട ബുദ്ധിക്ക് ഏല്പിച്ചു കൊടുത്തവരാണ് പ്രകൃതിവിരുദ്ധ ലൈംഗിക ബന്ധങ്ങളിൽ ഏർപ്പെടുന്നതെന്ന് ദൈവവചനം വ്യക്തമാക്കുന്നുണ്ട്. റോമ.1:24-30. അങ്ങനെയുള്ള ഒരാളെ പാസ്റ്ററായി വെച്ചുകൊണ്ടിരിക്കാൻ ഐ.പി.സി. തയ്യാറാകുന്നത് അതീവ ഗുരുതരമായ വിഷയമാണ്. അതുകൊണ്ട് ഈ പ്രശ്നത്തിൽ നടപടി ആവശ്യപ്പെട്ട് ഏതാനും കൗൺസിൽ അംഗങ്ങൾ രംഗത്തു വന്നിട്ടുണ്ട്. അടുത്ത കൗൺസിലിൽ പ്രശ്നം ചർച്ചയ്ക്കു വന്നേക്കും.

# കടമ്പനാട് അടിപീസിയിൽ പണം കട്ടതാര്?

കടമ്പനാട് ഐ.പി.സിയിൽ അടുത്ത കാലത്തായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ഡിഫെൻഡർ എഴുതുകയുണ്ടായല്ലോ. എന്നാൽ ഡിഫെൻഡറിൽ വന്ന വാർത്ത ശരിയല്ല എന്ന് ചിലർ അറിയിച്ചതിനാൽ ഈ പ്രശ്നത്തേക്കുറിച്ച് ഡിഫെൻഡർ കൂടുതൽ അന്വേഷണം നടത്തുകയുണ്ടായി. അതിന്റെ ഫലമായി താഴെ പറയുന്ന കാര്യങ്ങൾ അറിയാൻ കഴിഞ്ഞു:

1. കണക്കിൽ തിരിമറി നടന്നു എന്നത് ശരിയാണ്. എത്ര രൂപ നഷ്ടമായി എന്നതും അത് ആരാണ് തട്ടിയെടുത്തത് എന്നതു സംബന്ധിച്ചും മാത്രമാണ് സംശയം നിലനിൽക്കുന്നത്.

2. 19-7-2005ൽ ചേർന്ന ബിൽഡിംഗ് കമ്മറ്റി പാസ്സാക്കിയത് എന്ന് കുറിപ്പോടെ പാസ്റ്റർ ബഞ്ചമിൻ വർഗീസ്, പാസ്റ്റർ കെ.രാജൻ, ബ്രദർ ജോയ്സ് ചാക്കോ, ബ്രദർ പി.എം.ജോർജ്, ബ്രദർ ബഞ്ചമിൻ എന്നിവർ പ്രസിദ്ധീകരിച്ച കണക്കനുസരിച്ച് 10,31,175 രൂപ വരവും 16,59,648 രൂപ ചെലവും ഉണ്ടായി.

3. വരവിന്റെ കണക്ക്, സംഭാവന നൽകിയവരുടെ പേരും വിലാസവും സഹിതം വിശദമായി കൊടുത്തിട്ടുണ്ട്. പക്ഷേ, ചെലവിന്റെ കാര്യം ആകെ ചെലവ് 16,59,648 രൂപ എന്ന ഒറ്റ വരിയിൽ ഒതുക്കി.

4. 28-8-2004 വരെയുള്ള കണക്ക് വരവും ചെലവും സഹിതം മുൻപ് പ്രസിദ്ധീകരിച്ചിരുന്നു. അക്കാലത്ത് ബ്രദർ ചാക്കോ ബേബിയായിരുന്നു ബിൽഡിംഗ് കമ്മറ്റി ട്രഷറാർ.

ഈ പ്രശ്നത്തേപ്പറ്റി ഡിഫെൻഡർ വിശദമായ അന്വേഷണം നടത്തിക്കൊണ്ടിരിക്കയാണ്. ആരാണ് പണം മോഷ്ടിച്ചതെന്നും എത്ര പണം മോഷ്ടിച്ചെന്നും അറിയണമല്ലോ.




## വധുവിനെ ആവശ്യമുണ്ട്

1. യാക്കോബായ യുവാവ്, 30, 6', കൺസ്ട്രക്ഷൻ കമ്പനിയിൽ സൂപ്പർ വൈസർ, സാധാരണ കുടുംബം, ഡിമാന്റുകളില്ല.
2. യാക്കോബായ യുവാവ്, 30, 5'8'', കൺസ്ട്രക്ഷൻ കമ്പനി സൂപ്പർവൈസർ, ഡിമാന്റില്ല.
3. ആർ.സി. യുവാവ്, 31, 5'7'', എം.എ., ഗവ. ജോലി, ഇടത്തരം സാമ്പത്തികം. ജോലിയുള്ളവരുടെ ആലോചനകൾ ക്ഷണിക്കുന്നു.

## വരനെ ആവശ്യമുണ്ട്

1. യാക്കോബായ യുവതി, 23, 5' 6'', ബി.ടെക്, ഇടത്തരം കുടുംബം, പ്രഫഷണൽസ് ബന്ധപ്പെടുക.
2. ഈഴവ യുവതി, 24, 5'4'', പുണർതം, സൗദി ജനറൽ നഴ്സ്, വിദേശ കേസ്സുകൾ താല്പര്യം.
3. ആർ.സി. യുവതി, 24, 5'4'', B.Sc. Nurse, ഉയർന്ന സാമ്പത്തികം. പ്രൊഫഷണൽ/യൂറോപ്യൻ കേസ്സുകൾ താല്പര്യം.
4. യാക്കോബായ സഹോദരിമാർ (27, 5'3', GNM / 24, 5'2', രണ്ട്), ഫാമിലി വിസയുള്ള വിദേശ കേസ്സുകൾ അഭികാമ്യം.

"പ്രീമിയർ", പെരുമ്പാവൂർ
റോയൽ ബിൽഡിംഗ്, Opp: K.S.R.T.C.
Phone: 0484-3955048, 9349273332


## കാർട്ടൂൺ

പ്രകാശ് വട്ടക്കാട്ടുപടി



# മുണ്ടിയപ്പള്ളി ശാരോൻ കൾട്ടായി മാറുന്നു

മുണ്ടിയപ്പള്ളി ശാരോൻ സഭ കൾട്ടായി മാറിക്കൊണ്ടിരിക്കയാണ്. ആസന്ന ഭാവിയിൽ എല്ലാ ലക്ഷണങ്ങളും തികഞ്ഞ ഒരു കൾട്ടായി ഈ സഭ മാറും.

ഇപ്പോൾത്തന്നെ കൾട്ടിന്റെ ഭൂരിപക്ഷം ലക്ഷണങ്ങളും ഈ സഭയ്ക്കുണ്ട്. സംശയമുള്ളവർ താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധിക്കുക.

1. കരിസ്മാറ്റിക് ലീഡർ.

ഒരു കരിസ്മാറ്റിക് ലീഡറിന്റെ നേതൃത്വത്തിലാണ് കൾട്ടുകൾ രൂപം കൊള്ളുന്നത്. യഹോവാ സാക്ഷികൾ, മൊർമോൺ, ടി.പി.എം. തുടങ്ങി എല്ലാ കൾട്ടുകളും ശക്തരായ നേതാക്കൻമാരുടെ കീഴിലാണ് രൂപം കൊണ്ടത്. മുണ്ടിയപ്പള്ളി ശാരോനിലും ഇത്തരം ഒരു നേതാവുണ്ട്: പോൾ ഗോപാലകൃഷ്ണൻ.

2. ചോദ്യം ചെയ്യപ്പെടാനാവാത്ത നേതൃത്വം

ശക്തനായ ഒരു നേതാവുണ്ട് എന്നതുകൊണ്ടുമാത്രം ഒരു സഭ കൾട്ടാകയില്ല. എന്നാൽ ചോദ്യം ചെയ്യപ്പെടാനാവാത്ത നേതൃത്വം കൾട്ടിന്റെ പ്രധാന ലക്ഷണങ്ങളിൽ ഒന്നാണ്. പോൾ ഗോപാലകൃഷ്ണൻ എന്ന ദിവ്യനെ ആർക്കും ചോദ്യം ചെയ്യാനാവില്ല. അദ്ദേഹത്തിന്റെ ഉത്തരവുകൾ വള്ളിപുള്ളി വിടാതെ വിശ്വാസികൾ അനുസരിക്കണം. ദൈവസഭയിൽ ഇത്തരത്തിലുള്ള ഒരു നേതൃത്വമില്ല. എല്ലാ ദൈവമക്കളും സഹോദരങ്ങളാണ്. ശുശ്രൂഷകളിൽ വ്യത്യാസമുണ്ടെന്നല്ലാതെ കർദ്ദിനാളും പോപ്പും മറ്റും ദൈവത്തിന്റെ സഭയിലില്ല.

3. അപ്രമാദിത്വം.

കൾട്ടിന്റെ നേതാക്കൾ അപ്രമാദിത്വം അവകാശപ്പെടാറുണ്ട്. ഇ.ജി.വൈറ്റിന് തെറ്റു പറ്റിയിട്ടുണ്ടെന്ന് ശാബതുമാർ സമ്മതിക്കുമോ? റസ്സലിനും ഫോർഡിനും തെറ്റിയെന്ന് യഹോവാ സാക്ഷികൾ പറയുമോ? പാസ്റ്റർ പോളിന് തെറ്റിയെന്ന് റ്റി.പി.എം. സമ്മതിക്കുമോ? അതുപോലെ, തെറ്റു പറ്റാത്ത ആളാണ് പോൾ ഗോപാലകൃഷ്ണൻ. ദൈവത്തിന് തൊട്ടു താഴെയാണ് ഈ വിദ്വാന്റെ സ്ഥാനം. ഗോപാലകൃഷ്ണൻ പറയുന്നതും ചെയ്യുന്നതുമെല്ലാം ശരിയാണ്. ഗോപാലകൃഷ്ണനെ സ്നേഹിക്കയും അനുസരിക്കുകയും ചെയ്യുന്നവർ ദൈവമക്കൾ. ഗോപാലകൃഷ്ണന്റെ എതിർക്കുന്നവർ സാത്താന്റെ മക്കൾ. അടുത്ത കാലത്ത് മുണ്ടിയപ്പള്ളി ശാരോനിലെ കുറെ വിശ്വാസികൾ ഗോപാലകൃഷ്ണന്റെ നടപടികളെ എതിർത്തു. അതോടെ അവർ സാത്താന്റെ മക്കളായി. നിൽക്കക്കള്ളിയില്ലാതായപ്പോൾ അവർ മറ്റൊരു കൂടിവരവ് ആരംഭിച്ചു. ശാരോൻ നേതൃത്വം അവരെ സഭയായി അംഗീകരിച്ച് ഒരു പാസ്റ്ററേയും കൊടുത്തു. പക്ഷേ, ആ സഭ സാത്താന്റെ സഭയാണ് എന്നത്രേ പോൾ ഗോപാലകൃഷ്ണൻ പറയുന്നതും പരസ്യമായി പ്രസംഗിക്കുന്നതും. ആ സഭയിലുള്ളവരോട് മുണ്ടിയപ്പള്ളി സഭയിലുള്ളവർ മിണ്ടുന്നതുപോലും വിലക്കിയിരിക്കയാണ്.

4. രഹസ്യ സ്വഭാവം.

കൾട്ടുകൾ രഹസ്യങ്ങളുടെ കലവറയാണ്. സാധാരണക്കാരായ വിശ്വാസികൾ ഒന്നും അറിയാറില്ല. ഇതുതന്നെ മുണ്ടിയപ്പള്ളിയിലെ സ്ഥിതി. സഭയുടെ കാര്യങ്ങളൊന്നും വിശ്വാസികൾക്ക് അറിഞ്ഞുകൂടാ. ഗോപാലകൃഷ്ണൻ പറയുന്നു, വിശ്വാസികൾ അനുസരിക്കുന്നു. കമ്മറ്റിയില്ല, ആലോചനയുമില്ല. ഗോപാലകൃഷ്ണന്റെ ഒരു ആജ്ഞാനുവർത്തിയെ സെക്രട്ടറി ആക്കിയിട്ടുണ്ടെന്നു മാത്രം.

മുണ്ടിയപ്പള്ളിയിൽ എന്തൊക്കെയോ പദ്ധതികൾ നടപ്പിലാക്കാൻ പോകുന്നു എന്നു പറഞ്ഞുകൊണ്ട് ഗോപാലകൃഷ്ണൻ ഇപ്പോൾ അമേരിക്കയിൽ വ്യാപകമായ പിരിവ് നടത്തിക്കൊണ്ടിരിക്കയാണ്. എന്തൊക്കെയാണ് ആ പദ്ധതികളെന്ന് മുണ്ടിയപ്പള്ളിയിലെ വിശാസികൾക്ക് അറിഞ്ഞുകൂടാ. എത്ര പണം പിരിച്ചു എന്നതിന് കണക്കുമില്ല.

5. ബൈബിളിന് പുതിയ വ്യാഖ്യാനം.

എല്ലാ കൾട്ടുകളും ബൈബിളിന് പുതിയ വ്യാഖ്യാനം അവതരിപ്പിക്കും. ഗോപാലകൃഷ്ണനും അതുതന്നെ ചെയ്യുന്നു. ഈ വിഷയത്തേക്കുറിച്ച് ഡിഫെൻഡറിൽ ഒരിക്കൽ എഴുതിയിരുന്നു. വിശദമായ മറ്റൊരു ലേഖനം പിന്നാലെ.

6. തങ്ങൾ മാത്രമാണ് ദൈവസഭ

കൾട്ടുകളെല്ലാം തങ്ങളുടേതു മാത്രമാണ് ദൈവസഭ എന്ന് അവകാശപ്പെടും. മുണ്ടിയപ്പള്ളി ശാരോൻ മാത്രമാണ് ദൈവസഭ എന്നത്രേ ഗോപാലകൃഷ്ണൻ സഭാംഗങ്ങളെ പഠിപ്പിച്ചു വെച്ചിരിക്കുന്നത്. പുതിയ സഭ ഉണ്ടാക്കിയവർ സാത്താന്റെ സന്ത തികളും അവരുണ്ടാക്കിയ സഭ സാത്താന്റെ സഭയുമാണ്. മുണ്ടിയപ്പള്ളിയിലുള്ള മറ്റ് പെന്തക്കോസ്ത് സഭകളും സാത്താന്റെ വക തന്നെ. ആ സഭയിലെ വിശ്വാസികളുമായി മുണ്ടിയപ്പള്ളി ശാരോനിലെ അംഗങ്ങൾക്ക് ഒരു വിധത്തിലുള്ള ബന്ധവുമില്ല. ആ പ്രദേശത്ത് ഏതെങ്കിലും പെന്തക്കോസ്ത് സഭയിൽ കൺവെൻഷൻ വെച്ചാൽ ഗോപാലകൃഷ്ണൻ തന്റെ സഭയിലെ വിശ്വാസികളെ അയയ്ക്കുകയുമില്ല. കൺവെൻഷന്റെ ദിവസങ്ങളിൽ മുണ്ടിയപ്പള്ളി ശാരോനിൽ ഉപവാസപ്രാർത്ഥന വെയ്ക്കും.

സഭയിലെ വിശ്വാസികളെ ഗോപാലകൃഷ്ണൻ ബ്രെയിൻവാഷ് ചെയ്തിരിക്കയാണ്. ഗോപാലകൃഷ്ണനല്ലാതെ മറ്റൊരു ദൈവമില്ല എന്ന സ്ഥിതിയിലേയ്ക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണിത്.

ശാരോൻ ഫെലോഷിപ്പിന്റെ വൈസ് പ്രസിഡന്റായ പാസ്റ്റർ പി.വി.ഈപ്പൻ മുണ്ടിയപ്പള്ളി സഭാഹാളിന് തൊട്ടടുത്താണ് താമസിക്കുന്നത്. പക്ഷേ, അദ്ദേഹത്തോട് സംസാരിക്കാൻ പോലും മുണ്ടിയപ്പള്ളി ശാരോനിലെ വിശ്വാസികൾക്ക് അനുവാദമില്ല. ഗോപാലകൃഷ്ണൻ ഇത്ര അധഃപതിച്ചിരിക്കുന്നു.

അന്തിക്രിസ്തുവിന് കള്ള പ്രവാചകൻ സഹായി എന്നു പറ ഞ്ഞതുപോലെ, പോൾ ഗോപാലകൃഷ്ണന് ക്രിസ്തുദാസ് എന്നൊരു സഹായിയുണ്ട്. പോൾ ഗോപാലകൃഷ്ണൻ എന്ന ദൈവത്തെ വാഴ്ത്തിപ്പാടുകയാണ് ക്രിസ്തുദാസിന്റെ പ്രധാന പരിപാടി. ഇരുവരും ചേർന്ന് ഗ്രേസ്സിൽ പഠിക്കുന്ന കാലത്ത് തുടങ്ങിയതാണ് ഈ ബന്ധം. അതു മൂത്താണ് ക്രിസ്തുദാസ് പോൾ ഗോപാലകൃഷ്ണന്റെ പെങ്ങളെ കെട്ടിയത്. അതിനുശേഷം പോൾ ഭക്തി വർദ്ധിച്ചു. ഇപ്പോൾ ക്രിസ്തുദാസിന് ഒരു പണിയേ ഉള്ളൂ: പോൾ ഗോപാലകൃഷ്ണന്റെ മഹത്വം വർണ്ണിക്കുക.

മുണ്ടിയപ്പള്ളി ശാരോൻ സഭയും അവിടെയുള്ള സാധാരണക്കാരായ വിശ്വാസികളും ഗുരുതരമായ സ്ഥിതിയിലേക്കാണ് പ്രയാണം ചെയ്യുന്നത്. ഗുരുതരമായ ഉപദേശപ്പിശകുകൾ പഠിപ്പിക്കുന്ന ഒരു കൾട്ടായി ഈ സഭ ആസന്നഭാവിയിൽ മാറും.




## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3950734, 9447414608

# UNEQUALLY YOKED TOGETHER WITH UNBELIEVERS

This message is not popular. It is a message that many born-again Christians rebel against. God set down guidelines for "His" people, for "His" saints; and God wants every believer to obey "His" commands. Heb 5:9. Most Christians seem to have the misguided impression that they can partake of G od's table and the table of Satan as well. They think they can live for God some of the time and live as they wish the rest of the time. The Scriptures are full of people that thought this way, and they perished to hell. It is written in 2 Cor 6:14,15,17-BE YE (that is you) NOT UNEQUALLY YOKED TOGETHER WITH UNBELIEVERS: FOR WHAT FELLOWSHIP HATH RIGHTEOUSNESS WITH UNRIGHTEOUSNESS? AND WHAT COMMUNION HATH LIGHT WITH DARKNESS?…WHAT PART HATH HE THAT BELIEVETH WITH AN INFIDEL (an unbeliever)? WHEREFORE COME OUT FROM AMONG THEM, AND BE YE (that is you) SEPARATE, SAITH THE LORD.

If you have repented, then you have made a commitment to follow and obey God's Word. Let's look at God's Word again. It is written, BE YE NOT UNEQUALLY YOKED TOGETHER WITH UNBELIEVERS. You, as a Christian, are not to be tied together with an unbeliever. When you come to the cross, you surrender to Jesus, to do "His" will. You are to follow what "He" wants you to do. The verse continues, FOR WHAT FELLOWSHIP HATH RIGHTEOUSNESS WITH UNRIGHTEOUSNESS? In other words, what fellowship is there between the works of God and the works of Satan? What fellowship is there between a person who has surrendered to Jesus, and a person that is following Satan? The answer is obvious; there is none. As 2 Cor 6:15 tells us once again, WHAT PART HATH HE THAT BELIEVETH WITH AN INFIDEL? (That is an unbeliever.) God classifies an unbeliever as an infidel. An unbeliever, up to this point, has chosen not to receive the forgiveness and the love that is offered by God through Jesus Christ. An unbeliever has willingly chosen to take sides with those who crucified the only begotten Son of God.

In God's eyes, there are only two types of people. There are those who follow Jesus and those who do not. The Bible tells us, if you are not for God, you are against God. Now, if you have chosen to follow Jesus, then you are not to have fellowship with those who are against Jesus. Do not say they are not against Jesus, when the Bible has shown us that if a person is not for God (if he is not saved), then he is against God. The only way that a person can be for God is through receiving Jesus Christ as Lord and Savior of his life. If a person rejects Jesus, they are against God.

A born-again believer has nothing in common with an unbeliever. This is very clear and comes as a command in 2 Cor 6:17-WHEREFORE COME OUT FROM AMONG THEM, AND BE YE SEPARATE, SAITH THE LORD. This is God talking directly to you and me. If you reject God's Word, you reject God. God's Word is telling us not to have fellowship with unbelievers. We are not to be yoked with unbelievers; but we are to separate from all unbelievers. Come out from among them. If a person is dating an unsaved person, they are to stop immediately. If a person hangs out with unsaved people, they are to stop immediately. The Scripture states in 1 Cor 5:13-PUT AWAY FROM AMONG YOURSELVES THAT WICKED PERSON.

In addition, we are told, regarding born-again people that do not obey the Gospel, not to even eat with such people. Paul talking about the wicked person says, in 1 Cor 5:11-NOW I HAVE WRITTEN UNTO YOU NOT TO KEEP COMPANY, IF ANY MAN THAT IS CALLED A BROTHER (note it didn't say he was born-again, but rather professes to be or is called born-again) BE A FORNICATOR, OR COVETOUS, OR AN IDOLATER, OR A RAILER, OR A DRUNKARD, OR AN EXTORTIONER; WITH SUCH AN ONE NO NOT TO EAT. 2 Thes 3:6-NOW WE COMMAND YOU (please note the directness of God's Word) THAT YE WITHDRAW YOURSELVES FROM EVERY BROTHER THAT WALKETH DISORDERLY, AND NOT AFTER THE TRADITION WHICH YE RECEIVED OF US. This is God speaking directly to all that are born-again.

A person is to withdraw from fellowship with all unbelievers and also from all believers that do not obey the Gospel. 2 Thes 3:14,15-is talking to believers as it says, IF ANY MAN OBEY NOT OUR WORD…NOTE THAT MAN, AND HAVE NO COMPANY WITH HIM, THAT HE MAY BE ASHAMED. YET COUNT HIM NOT AS AN ENEMY, BUT ADMONISH HIM AS A BROTHER. Correct this person, admonish him, and do it in meekness and in the fear of the Lord, the Bible tells us. Remember, God's Word is always perfect and is profitable for correction. God's Word tells you how to live, if you are a believer. Every time you disobey God's Word, you give Satan an opening. The Bible warns you, neither give place to the devil. The Scriptures show us that Satan goes about as a roaring lion, seeking whom he may devour.

God's Word shows us that a believer is an abomination to an unbeliever and vice versa. Listen to God's Word. Pv 29:27-AN UNJUST MAN IS AN ABOMINATION TO THE JUST. If you follow Jesus, a person that lives in sin is an abomination to you. The verse continues, AND HE THAT IS UPRIGHT IN THE WAY IS ABOMINATION TO THE WICKED. Even though your unbelieving friends may not admit it directly, the fact that you are living for Jesus offends them, especially if your light shines brightly. You, as a true follower of Jesus, are an abomination to them. You may say, "No, that cannot be true, not to my close friends." But rest assured, it is true. Two may be the best of friends. It may be two brothers. When one turns to Jesus and the other does not, the one that does not is offended. He does not understand the light that shines in the other person. The darkness cannot comprehend the light. The light exposes the wicked deeds of the unrepentant heart; and thus the person who will not come to the light, to Jesus, finds that the true believer is an abomination to him.

The best of friends become separated, and close brothers are no longer close. The saved person seeks for his friend to turn to Jesus; while the unsaved person detests the person that follows Jesus. The unsaved person may try to draw the saved person back into sinful ways. It often happens in such a subtle way that the saved person becomes deceived and falls back into sin, into his old ways. Remember the words of Jesus as His mother came to see Him? It is written in Lk 8:20,21-AND IT WAS TOLD HIM (Jesus) BY CERTAIN WHICH SAID, THY MOTHER AND THY BRETHREN STAND WITHOUT, DESIRING TO SEE THEE. AND HE ANSWERED AND SAID UNTO THEM, MY MOTHER AND MY BRETHREN ARE THESE WHICH HEAR THE WORD OF GOD, AND DO IT. The importance that Jesus placed on this is so great it is repeated in Matthew's Gospel as well as Mark's Gospel.

As born-again believers, our whole attitude changes. Our whole outlook changes. We no longer live for this world. We love God. We love to serve Him. We love to help people. We love to go to church and to fellowship with other believers. Drugs, drinking, parties, dirty movies, even defiling our body with cigarettes, all become repulsive to us. Illicit sex, lying of any kind, cursing, and so much more, we grow to hate; but to the unsaved person, there is nothing wrong with these things.

As God's Word has told us, what communion is there between the believer and unbeliever? They both have different goals, outlooks, and destinies. One lives for this world; the other looks forward to the next world. One will be with Jesus forever; the other will dwell in the lake of fire forever. 2 Cor 10:5-CASTING DOWN IMAGINATIONS, AND EVERY HIGH THING THAT EXALTETH ITSELF AGAINST THE KNOWLEDGE OF GOD, AND BRINGING INTO CAPTIVITY EVERY THOUGHT TO THE OBEDIENCE (note obedience) OF CHRIST. You are not to fellowship with people that are unsaved; with those that exalt themselves against the knowledge of God. Satan works through people, time and time again, to try to confuse or draw the believer away from his faith in Jesus Christ. Satan works through people to try to draw the believer away from serving Jesus. Satan will use people to embarrass and offend you. They may even use Scripture incorrectly to draw you away from God's perfect will. Satan tried to do the same thing to Jesus. He tempted Jesus with Scripture, but when Jesus used the Word back, Satan had to flee.

You need to not only study your Bible daily; you also need to obey it. You are to be a doer of the Word and not a hearer only-ref Ja 1:22. For it is not those who hear the Word that will be justified, but those who obey the Word.

